# നവരംഗ

## ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ

## 2018-19

little KITEs

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS



## ഫാറ്റിമ ഗേൾസ് ഹൈസ്കൂൾ

## ഫോർട്ട് കൊച്ചി

# ആശംസകളോടെ........



പ്രിയ വിദ്യാർത്ഥികളേ......

കുട്ടികളുടെ സർഗ്ഗാത്മക അഭിരുചികളെ വളർത്താനും, IT സാധ്യതകളും, ആശയങ്ങളും വിദ്യാർത്ഥികളിലേക്ക് എത്തിക്കാനുമുള്ള നിങ്ങളുടെ പരിശ്രമമായ "നവരംഗ" യ്ക്ക് ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു. 'ലിറ്റിൽ കൈറ്റ്സ്' പദ്ധതിയിലൂടെ നിങ്ങൾ ഹൃദ്യസ്ഥമാക്കിയ കഴിവുകളും വിദ്യകളും ഉൾപ്പെടുത്തി തയ്യാറാക്കിയ ഈ മാസികയെയും അതിനു പിന്നിലെ പരിശ്രമങ്ങളെയും ദൈവം അനുഗ്രഹിക്കട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു......

എന്ന്,

സി. മേഴ്സി തോമസ്

ഹെഡ്മിസ്ട്രസ്

ഫാറ്റിമ ജി.എച്ച്.എസ്



പ്രിയ കൂട്ടുകാരെ,

2018-2019 അധ്യയനവർഷത്തിൽ ഐ.റ്റി മേഖലയിൽ കുട്ടികളുടെ അഭിരുചി വളർത്താനും സാധ്യതകൾ മനസ്സിലാക്കാനുമായി ആരംഭിച്ച, ലിറ്റിൽ കൈറ്റ്സ് പദ്ധതിയുടെ ഭാഗമായി ഫാറ്റിമ ഗേൾസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റസ് അംഗങ്ങൾ സ്കൂളിലെ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും കലാസൃഷ്ടികൾ ഉൾകൊള്ളിച്ച് തയ്യാറാക്കിയ, e-മാഗസിൻ ആണ് "നവരംഗ". ഇന്നിന്റെ ഏറ്റവും വലിയ സാധ്യതയായ IT മേഖലയിലേക്ക് വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനായി കേരള സർക്കാർ രൂപം നൽകിയ ലിറ്റിൽ കൈറ്റ്സ് പദ്ധതിയുടെ ഭാഗമാകാൻ കഴിഞ്ഞതിൽ ഞങ്ങൾ ഏറെ അഭിമാനിക്കുന്നു. പുതിയ തലമുറയുടെ ആശയങ്ങളെയും അഭിരുചികളെയും ആധുനിക സൈബറുമായി ബന്ധപ്പെടുത്തി നല്ലൊരു നാളേയ്ക്കായ് ഈ സാധ്യതകൾ പ്രയോജനപ്പെടുത്താൻ പ്രേരിപ്പിക്കുന്നതാണ് ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ. IT സാധ്യതകൾ പ്രയോജനപ്പെടുത്തി കുട്ടികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഈ മാഗസിൻ ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പ്രസിദ്ധീകരിക്കുന്നു. ഈ മാഗസിൻ നിർമാണത്തിൽ ഞങ്ങളെ സഹായിച്ച IT കോർഡിനേറ്റർ ആയ എല്ലാ അദ്ധ്യാപകർക്കും, കലാസൃഷ്ടികൾ നൽകിയ എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചുകൊണ്ട് സ്കൂളിലെ എല്ലാ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി ഈ മാഗസിൻ സമർപ്പിക്കുന്നു. .



മേരി ബക്കീത്ത നന്ദന

- എഡിറ്റർ

# എഡിറ്റോറിയൽ ബോർഡ്



ആദില പി. എ



റാനിയ റഹ്മാൻ



സഫ്റീന പി. എഫ്



മൻസി എം. എസ്



അഫ്ന എ. ഐ



സൽമ പി. എസ്



അമീഷ വിനോദ്



അലൻഷ്യ ബൈജു



ആദിത്യ കെ. പി



# താളുകൾ മറിയുമ്പോൾ......


| | | |
|---|---|---|
| 1 | പുതുവർഷത്തിലെ പ്രത്യാശകൾ | 1 |
| 2 | മാലാഖ | 4 |
| 3 | Great Creation | 6 |
| 4 | ഭൂമി കരയുന്നു | 8 |
| 5 | My teacher | 9 |
| 6 | Importance of understanding and speaking English | 10 |
| 7 | സമയത്തിന്റെ വില | 11 |
| 8 | കുസൃതിചോദ്യങ്ങൾ | 12 |
| 9 | തിരക്കഥ | 13 |
| 10 | ജി . കെ . ക്വിസ് | 14 |
| 11 | Quotes | 15 |
| 12 | പഴഞ്ചൊല്ലുകൾ | 16 |
| 13 | പ്രകൃതി ഭംഗി | 17 |
| 14 | എന്റെ വിദ്യാലയം | 18 |
| 15 | കുഞ്ഞേ നിനക്കായ് | 19 |
| 16 | Riddles | 21 |
| 17 | പൊതുവിജ്ഞാനം | 22 |
| 18 | കണികാണും മുമ്പ് | 23 |
| 19 | പ്രകൃതിയുടെ കാൽക്കൽ | 25 |
| 20 | അന്യമായി പോകുന്ന ജീവ മലയാളം | 27 |
| 21 | പഴഞ്ചൊല്ലുകൾ | 28 |
| 22 | പ്രകൃതി | 29 |
| 23 | ഹായ് മുത്തച്ഛൻ | 30 |
| 24 | സ്വയം നന്നാവുക | 31 |
| 25 | ഐകമത്യം മഹാബലം | 32 |
| 26 | കടങ്കഥകൾ | 34 |
| 27 | പശു | 35 |
| 28 | കുഞ്ഞനും കുടയും | 37 |
| 29 | സൗഹൃദം | 38 |
| 30 | Rain | 40 |
| 31 | കണ്ടില്ല ഞാൻ നിന്നിലേ.... | 41 |

| | | |
|---|---|---|
| 32 | അനുസരിക്കാത്തതിന്റെ ഫലം | 43 |
| 33 | കള്ളവും വിശ്വാസവും | 44 |
| 34 | മലയാളം | 46 |
| 35 | My dream | 48 |
| 36 | പ്രഭാതം | 49 |
| 37 | എന്റെ കുട്ടിക്കാലം | 51 |
| 38 | മുക്തി | 52 |
| 39 | ഒരു ബോൺസായ് സങ്കടം | 55 |
| 40 | യാത്ര | 57 |
| 41 | നവദേവാലയത്തിലെ തിരുപ്പിറവി | 61 |
| 42 | എന്റെ കുട്ടിക്കാല ഓർമ്മകൾ | 63 |
| 43 | മുത്തശ്ശിമാവ് | 64 |
| 44 | സുരക്ഷിതത്വത്തിൽ വിദ്യാലയത്തിന്റെ പങ്ക് | 66 |
| 45 | കഴിവ് | 69 |
| 46 | വിട്ടുപോകുന്നതിന്റെ വിഷമം | 71 |
| 47 | മാറ്റം | 75 |
| 48 | മമകേരളം | 77 |
| 49 | പാചകക്കുറിപ്പുകൾ | 79 |
| 50 | റിപ്പോർട്ടുകൾ | 87 |




# പുതുവത്സരത്തിലെ പ്രത്യാശകൾ

ധാരാളം നേട്ടങ്ങളും കോട്ടങ്ങളും സമ്മാനിച്ചുകൊണ്ട് ഒരു വർഷം കൂടി കടന്നു പോകുന്നു.... പുത്തൻ പ്രതീക്ഷകളും പ്രത്യാശകളും പകർന്നു തരാൻ പുതുവർഷം ഇതാ ആഗതമായി....

കഴിഞ്ഞ കാലങ്ങളിലെ കുറവുകളും പോരായ്മകളും നമ്മെ തളർത്താനുള്ളതാക്കാതെ, വരും കാലങ്ങളിലെ മേന്മകൾക്കായി അവയെ മാറ്റിയെടുക്കാൻ ശ്രമിക്കുകയാണ് വേണ്ടത്. പരാജയങ്ങളെയോർത്ത് ആകുലരാകാതെ പുത്തൻ പ്രതീക്ഷകളുമായി മുന്നേറാൻ നമുക്കു ശ്രമിക്കാം. ഓരോ വർഷവും ചെയ്യുന്നതുപോലെ ധാരാളം സ്വപ്നങ്ങളും പ്രതിജ്ഞകളും ഒക്കെ എടുക്കുമ്പോൾ പ്രധാനമായും നാം ചെയ്യേണ്ടത് ഏറ്റെടുത്തവ നടപ്പിലാക്കും എന്ന ദൃഢനിശ്ചയമാണ് . ആ ദൃഢനിശ്ചയത്തോടൊപ്പം കഠിനാധ്വാനം കൂടി ചേരുമ്പോൾ നമ്മുടെ സ്വപ്നങ്ങൾക്കു നൂറ് മേനിവിളവ് ലഭിക്കും. നാം ജീവിതത്തിൽ നിന്നും ഒഴിവാക്കേണ്ട ഒന്നാണ് അലസത. ചെയ്യാനുള്ള കാര്യങ്ങൾ താമസം വിനാ ചെയ്യാൻ ശ്രമിക്കണം. ഇവിടെ ഒരു ആപ്തവാക്യം സ്മരണീയമത്രേ. "നാളെ ചെയ്യാമെന്ന് കരുതുന്നത് ഇന്ന് ചെയ്യുക നമ്മിൽ നിന്നും സദാചാര്യമൂല്യങ്ങൾ അകന്നു പോകുമ്പോൾ നമ്മുടെ സംസ്കാരം തന്നെ മാറുന്നു. ഇന്നെന്താണ് ഓരോരുത്തരും അവനവനിലേക്കു തന്നെ ഒതുങ്ങുമ്പോൾ കുടുംബബന്ധങ്ങൾക്കു സ്ഥിരതയോ ഊഷ്മളതയോ ഉണ്ടാകുന്നില്ല. സമൂഹത്തിൽ പ്രായഭേദമന്യേ, ഏവരേയും നശിപ്പിച്ചുകൊണ്ടിരിക്കുന്ന മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും അമിതമായ ഉപയോഗം പൈശാചിക മനോഭാവം വളർത്തുമ്പോൾ ധാർമ്മിക മൂല്യങ്ങൾക്കു ച്യുതി ഉണ്ടാകുന്നു. പുതിയ തലമുറയെ ബാധിച്ചിരിക്കുന്ന വിപത്ത് വിവരസാങ്കേതിക

വിദ്യയുടെ ഉൽപ്പന്നങ്ങളായ ഇന്റർനെറ്റ്, ഫെയ്സ്ബുക്ക്, വാട്ട്സാപ്പ്, ഗെയിംസ് തുടങ്ങിയവയുടെ മാസ്മരികതയിൽ മുഴുകിപ്പോയ അവർക്ക് ഒരു നാണയത്തിന്റെ ഇരുവശങ്ങളെപ്പോലെ അതിലെ നല്ലതും ചീത്തയും തിരിച്ചറിഞ്ഞ് പ്രയോഗിക്കാൻ കഴിഞ്ഞാൽ അത് ഏറെ ഗുണകരമാകുമെന്ന തിരിച്ചറിവ് ഉണ്ടാകണം.

മേൽപ്പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കാനുള്ള ശക്തമായ ബോധവത്ക്കരണം എല്ലാവരും ഏറ്റെടുക്കേണ്ടതാണ്. മൂല്യങ്ങളിലധിഷ്ഠിതമായ ജീവിതം നയിക്കുന്നവർ ഭാവിയിലെ തലമുറയ്ക്ക് ഒരു മുതൽക്കൂട്ടായിമാറും. ഉപഭോഗസംസ്കാരത്തിന്റെ പിറകെ പരക്കം പായുന്ന നാം ഈശ്വരചിന്തയെ പലപ്പോഴും മാറ്റി നിർത്തുന്നു. സനാതനമായ സത്യം ഈശ്വരൻ മാത്രമാണെന്ന് വിശ്വസിച്ച ജീവിതത്തിൽ പ്രാർത്ഥനയ്ക്ക പ്രാധാന്യം നൽകി മുന്നോട്ടുപോയാൽ ഉന്നതി മാത്രം ഉണ്ടാകും എന്ന് ഉറച്ച വിശ്വസിക്കാം. നമുക്കാവുന്ന വിധത്തിൽ മറ്റുള്ളവർക്കു നന്മ പകർന്ന് ജീവിക്കാം..... അപരന്റെ ദു:ഖം നമ്മുടെയും ദു:ഖമായി കരുതി അതിനെ സന്തോഷമാക്കി മാറ്റാൻ നമുക്കോരോരുത്തർക്കും കഴിയണം... നമുക്കു ചുറ്റുമുള്ളവരിൽ സന്തോഷം പകരാൻ, ഒരു ചെറുപുഞ്ചിരിയെങ്കിലും പകർന്നു കൊടുക്കാൻ, ഈ ചെറിയ ജന്മത്തിലൂടെ നമുക്കു പരിശ്രമിക്കാം. എപ്പോഴും നല്ലതുമാത്രം തോന്നാനും, പറയുവാനും നല്ലതുമാത്രം ചെയ്യാനുമുള്ള ആർജവം പുതുവർഷത്തിൽ നാം നേടണം. ഇന്നുവരെയുള്ള നമ്മുടെ എല്ലാ കുറവുകളും വരും കാലങ്ങളിലെ നിറവുകളായിത്തീരട്ടെ എന്നു പ്രത്യാശിക്കാം......ഇനിയുള്ള ഓരോ പുലരിയും ഒരു ഉണർവിന്റെ നദിയാവട്ടെ ...... ഭൂമിയാൽ പതിക്കുന്ന സൂര്യകിരണങ്ങൾ പാരിടമാകെ ചൈതന്യം പരത്തുന്നപോലെ, നമ്മുടെ സൽപ്രവർത്തികൾ എല്ലാ, മനസുകളെയും

പ്രകാശപൂരിതമാക്കാൻ കഴിയട്ടെ.......പുതുപുലരിയിൽ ഇമ്പമായി കാതിൽ പതിക്കുന്ന കളകൂജനങ്ങൾ നമ്മുടെ ജീവിതത്തിൽ സ്നേഹത്തിന്റെ പല്ലവികളാകട്ടെ........... ഓരോ ജീവനും, ഭേദമില്ലാതെ കാരുണ്യമോടെ പരിപാലിക്കുന്ന ഈശ്വരന്റെ നന്മപോലെ നമ്മുടെ മനസ്സിലും നന്മവിടരട്ടെ.................

സ്നേഹത്തോടെയിരിക്കാൻ കഴിയട്ടെ..........ഇനിയുള്ള കാലങ്ങളിൽ വിജയം മാത്രം ലക്ഷ്യമാക്കി, ആഗ്രഹങ്ങളെ തപസ്യയാക്കി,ഏകാഗ്രതയോടെ, കൃത്യനിഷ്ഠയോടെ , കഠിനാദ്ധ്വാനത്തിലൂടെ, ഈശ്വരചിന്തയോടെ നാം വിജയപാനങ്ങളിലേകുമ്പോൾ ചുറ്റുമുള്ളവരക്കു മാതൃകയായി, നമ്മുടെ പ്രതീക്ഷകളായി മാറാം പുതുവർഷത്തിൽ, പ്രത്യാശയോടെ നമുക്ക് കാത്തിരിക്കാം...........................

– സൂസി. ഐ
(അദ്ധ്യാപിക)
ഫാറ്റിമ ഗേൾസ് ഹൈ സ്കൂൾ

# "മാലാഖ..."

ഒരമ്മയും മകളും ഗ്രാമത്തിൽ താമസിച്ചിരുന്നു.അവർ ബ്രഡ് വിറ്റാണ് ജീവിച്ചിരുന്നത്. ഒരു ദിവസം വിശന്നു വലഞ്ഞ് രണ്ടു കുഞ്ഞുങ്ങളുമായി ഒരു സ്ത്രീ വന്നു.



അവർ ഒരു പാക്കറ്റ് ബ്രഡ് ചോദിച്ചു.കടക്കാരി മകളോട് എടുത്തു കൊടുക്കാൻ പറഞ്ഞു.കൊടുത്തതിനു ശേഷം പണം ചോദിച്ചപ്പോൾ അവരുടെ കൈയ്യിൽ ഇല്ല. ഇതു കേട്ട കടക്കാരി ദേഷ്യത്തോടെ പറഞ്ഞു. കൈയ്യിൽ പണമില്ലെങ്കിൽ കടം തരാൻ കഴിയില്ല എന്ന് പറഞ്ഞവർ ബ്രഡ് തിരികെ വാങ്ങി കതകടച്ചു. ഇതു കണ്ടു നിന്ന കടക്കാരിയുടെ മകൾക്ക് സങ്കടമായി. അവൾ ഒരു പാക്കറ്റ് ബ്രഡുമായി കതകു തുറന്നു അവരുടെ പിന്നാലെ ഓടി കൊടുത്തിട്ട് കടമായി കരുതിയാൽ മതി എന്നു പറഞ്ഞു. ആ സ്ത്രീ തൊഴുതു കൊണ്ട് നന്ദി പറഞ്ഞു. അവൾ തിരികെയെത്തിയപ്പോൾ കടക്കാരി വളരെ കോപിതയായി ശകാരിച്ചു . ഇതു കേട്ട് കഴിഞ്ഞ മകൾ പറഞ്ഞു "അമ്മേ ഞാൻ കൊടുത്ത ബ്രഡിൻെറ പണം അമ്മയ്ക്ക് ഞാൻ എൻെറ കുടുക്കയിൽ നിന്നു തരാം" നിഷ്കളങ്കമായ മറുപടി കേട്ട് കടക്കാരി പറഞ്ഞു മോളെ അത് നിന്റെ ക്യാൻസർ ചികിത്സയ്ക്കുള്ളതല്ലേ? അതിൽ നിന്നും എനിക്ക് നീ തരണ്ട.

അമ്മേ പണം ഇനിയും വരും . പക്ഷേ, വിശന്നു വരുന്നവർക്ക് ഭക്ഷണം കൊടുത്താൽ അവരുടെ പ്രാർത്ഥന എനിക്കുണ്ടാകും. അതു കഴിഞ്ഞ് രണ്ടു ദിവസങ്ങൾക്ക് ശേഷം രണ്ടു കുഞ്ഞുങ്ങളുമായി ആ സ്ത്രീ വീണ്ടും വന്നു. മകളെ വിളിച്ച് എന്റെ വിശക്കുന്ന കുഞ്ഞുങ്ങൾക്ക് ജീവൻ നിലനിർത്താൻ സഹായിച്ച മോൾക്ക് ഞാൻ വാങ്ങിയ ബ്രഡിന്റെ പണം ഇതാ. ഇതു കണ്ടുനിന്ന കടക്കാരിയുടെ കണ്ണു നിറഞ്ഞു.

നമ്മുടെ മനസാക്ഷിയെക്കൊണ്ട് ചെയ്യുന്ന കാര്യങ്ങളിൽ കള്ളവും ചതിയും ഉണ്ടാവില്ല . സത്യസന്ധതയും വിശ്വാസവും ഉണ്ടാവും . "നമുക്ക് ആര് അന്നം തരുന്നുവോ അവരാണ് ജീവനുള്ള ദൈവങ്ങൾ".

– ഇർഫാന പി. എ

IX. D

# GREAT CREATION

God created this whole wonderful World. He made it beautiful happy and green. There were large green fields with grass and colourful flowers. Then god made birds and animals to live in the meadows and the fields, the wood and the forests. After that god created man to take care of his beautiful creations. He made man as the most intelligent and the best of all his creations. But then, god has some doubt in his mind. He wonderful if man would really take good care of his creations. So he warmed man, "You must keep earth as green and as beautiful as I have created. Do not commit any sign when you go to earth or as a punishment, The earth will lose its beauty and will turn into a vast desert". Soon man forgot god's warning. He started stealing, lying and committing other signs. So earth turned into a vast desert. But when man realized his mistake, god forgave him. That is why there is still some greenery left on the earth yet.

- Jumana Sherin M. A
VII. B



– നൈമ പി. എൻ
IX. D

# ഭൂമി കരയുന്നു




കാറ്റും കടലും കാടും നാടും
എല്ലാം ചേരും ഭൂമയിൽ
മനുഷ്യരാം ചില കഴുകന്മാരോ
നല്ലൊരു ഭൂമി നശിപ്പിക്കുന്നു
ചാച്ചാജിയും ബാപ്പുവുമൊക്കെ
അന്നു പറഞ്ഞു"സ്വാതന്ത്ര്യത്തിൻ
നാടിത്" ഇന്ത്യക്കാരും ഏറ്റു പറഞ്ഞു
"ദൈവത്തിൻെ സ്വന്തം നാടിത്"

എന്നാൽ കരുണയും സ്നേഹവും നിറഞ്ഞ ലോകം
ചതിയിൽ മുങ്ങിത്താണീടുന്നു
സ്നേഹം എന്നൊരു വാക്കിനുള്ള
കരുണയെന്തെന്നറിയില്ലാർക്കും
താനെന്ന ഭാവംനടിക്കും മനുഷ്യൻ
ക്രൂരമുഖങ്ങളുയർത്തീടുന്നു
നന്മ നിറഞ്ഞവരെ കാണാനായ്
മണ്ണും വിണ്ണും കൊതിച്ചീടുന്നു
ഹിന്ദു മുസ്ലിം ക്രൈസ്തവരെല്ലാ തമ്മിലടിച്ച്
കലഹിക്കുന്നു
സുഹൃത്ത് സഹോദര ബന്ധം മറന്നും
കൊലവിളി കൂട്ടുന്ന കാറ്റും കടലും കാടും നാടും
എല്ലാം ചേരും നമ്മുടെ ഭൂമി മനുഷ്യനാകും
മടയന്മാരുടെ
നാശമോർത്ത് കരഞ്ഞീടുന്നു.

അഫ്ന എ.ഐ IX. D

# MY TEACHER



My teacher is like a lamp,
she gives us the light of knowledge
My teacher is like a flower
she gives us the scent of education
My teacher is like a caption
she gives us direction to our life's ship
My teacher is like a farmer
she cultivates good quality in students
My teacher is like earth
she loves equally all her children
My teacher is like God
she gives new life and new vision
so my teacher is great
My teacher is noble
My teacher is lovable

- Lidia Tom
VIII. B

# IMPORTANCE OF UNDERSTANDING AND SPEAKING ENGLISH

The English language plays a major role in our life. It is understood by many people around the World, Since it is the most Spoken language. It is essential in our education . The English language helps us to communicate with nearby all the people around the World, even through Internet.

The English language gives students access to information and research. Since many of the top academic journal are published in English, students and academics need strong English reading and writing skills. Moreover for a research study or other publication to get sufficient attention, it should be published in English.

- Fathima

VIII. D

# സമയത്തിന്റെ വില




സമയവും സന്ദർഭവും ഒരാൾക്കുവേണ്ടിയും കാത്തുനിൽക്കാറില്ല. അവയെ അറിഞ്ഞ് ശരിയായി ഉപയോഗപ്പെടുത്തുന്നവരാണ് ബുദ്ധിമാന്മാർ. സമയം ശരിയായി വിനിയോഗിക്കുക എന്നത് ജീവിത വിജയത്തിന് ഏറ്റവും ആവശ്യമായ ഘടകങ്ങളിലൊന്നാണ്. സമയം കൊണ്ടാണ് ജിവിതം ഉണ്ടാക്കിയിരിക്കുന്നത്.അതുകൊണ്ടുതന്നെ സമയം ദുർവ്യയം ചെയ്യുമ്പോൾ നാം നമ്മുടെ ജീവിതംതന്നെയാണ് പാഴാക്കുന്നത്. സമയത്തിന്റെ വില നിർണയിക്കാൻ പ്രയാസമാണ് സമയാസമയം വേണ്ടവിധം പ്രവർത്തിക്കാത്തവർ ജീവിതത്തിൽ ഖേദിക്കേണ്ടിവരും . സന്ദർഭങ്ങൾ കാത്തിരിക്കുന്നവർ സമയത്തിന്റെ വിലയറിഞ്ഞ് പ്രവർത്തിക്കേണ്ടതുണ്ട് .

സമയോചിതമായി പ്രവർത്തിക്കുവാനുള്ള കഴിവ് നമുക്കുണ്ടാകണം. സമയത്തിനൊത്ത് ഉയരാനും പ്രവർത്തനനിരതരാകുവാനും നാം തയ്യാറാകണം. ഏത ജോലിയും സമയബന്ധിതമായി തീർക്കാൻ ശ്രമിച്ചാൽ ഒട്ടേറെ സമയം നമുക്ക് ലാഭിക്കാനാവും ."ഒരു തീരുമാനം കൃത്യസമയത്ത തന്നെ എടുക്കുന്നത് പിന്നീടുള്ള കാലതാമസം ഇല്ലാതാക്കും.”

– ആദില പി .എ
IX .A

# കുസൃതിച്ചോദ്യങ്ങൾ

## ചോദ്യങ്ങൾ

1.തലകുത്തി നിന്നാൽ വലുതാകുന്നത് ആര് ?
2.ഗാന്ധിജി കാണാത്ത ഇന്ത്യ?
3.താജ്മഹാൽ നിർമ്മിച്ചതാര്?
4.പരീക്ഷയുടെ അവസാനമെന്ത്?
5.ഒരു G നാല് T ചേർന്ന് ഒരു ഇംഗ്ലീഷ് വാക്ക് ഏത്?
6.ABCD എത്ര അക്ഷരങ്ങൾ ഉണ്ട് ?
7. പതയുന്ന പൂ ഏത്?



## ഉത്തരങ്ങൾ

1. 6
2. മിസ്സ് ഇന്ത്യ
3. തൊഴിലാളികൾ
4. ക്ഷ
5. ഒർജിനാലിറ്റി
6. നാല്
7.ഷാംപൂ

സമ്പാദനം
– അമീഷ വിനോദ്
IX. D

# തിരക്കഥ

## ഉയരുന്ന സ്വപ്നം

പ്രഭാതത്തിൽ കിളികളുടെ മധുര ഗാനം കേട്ട് ആ കൊച്ചുപയ്യൻ ഉണർന്നിരിക്കുന്നു. ആ മുഖത്ത് എന്തെന്നില്ലാത്ത ആഹ്ലാദം. അവൻ അവന്റെ  അമ്മയുടെ അടുത്തേക്ക് ഓടി .കാര്യം പറയാൻ വെമ്പിനിൽക്കുന്ന ഭാവമാണ് ആ കൊച്ചുപയ്യനുള്ളത്.അത് അവൻെ അമ്മയെ ഉണർത്തി.

അമ്മ: മോനേ ഇന്നു നീ വളരെ സന്തോഷത്തിലാണല്ലോ?

മോൻ: അമ്മേ ഇന്നു ഞാൻ ഒരു നല്ല സ്വപ്നം കണ്ടു .ഞാൻ ഉയരങ്ങൾ കിഴടക്കുന്നത് .

അമ്മ:ഹാ കൊള്ളാല്ലോ! നമ്മൾ എപ്പോഴും ഉയർന്ന് ചിന്തിച്ചാൽ മാത്രമേ നമ്മുക്ക് എന്തിനേയും കീഴടക്കാൻ സാധിക്കു.......

മോൻ:ഹാ......

-അമീഷ വിനോദ്

IX. D

# G.K QUIZ

1. ഏറ്റവും വലിയ ഭൂഖണ്ഡം ?
ഉ.ഏഷ്യ

2.ഏറ്റവും ചെറിയ ഭൂഖണ്ഡം ?
ഉ.ഓസ്ട്രേലിയ

3.ഏറ്റവും വലിയ രാജ്യം ?
ഉ.റഷ്യ


4.ഏറ്റവും ചെറിയ രാജ്യം ?
ഉ.വത്തിക്കാൻ

5.ഏറ്റവും വലിയ നദി ?
ഉ.ആമസോൺ

7.ടെസ്റ്റ് ക്രിക്കറ്റിലെ 11 രാജ്യങ്ങളിലും സെഞ്ചുറി നേടിയ ആദ്യ താരം ?
ഉ. ഉനൂസ് ഖാൻ (പാക്കിസ്ഥാൻ)

– അനഘ
VII. B

# “QUOTES”



- friend is someone we turn to
  When our spirit needs a lift
  A friend is someone we treasure for,
  **“FRIENDSHIP”** is a gift.

- A friend is someone who fills our
  lives with beauty, joy and grace
  A friend makes the World
  Better and happier place to live.

- Abhirami S.R
VIII.D

# പഴഞ്ചൊല്ലുകൾ

അടിതെറ്റിയാൽ ആനയും വീഴും.
അത്താഴം മുടക്കാൻ നീർക്കോലി മതി.
ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമോ?
ആളേറിയാൽ പാമ്പും ചാവില്ല.
ആറ്റിൽ കളഞ്ഞാലും അളന്നു കളയണം.
ഇടവെട്ടിയവനെ പാമ്പുകടിച്ചു.
ഉണ്ടചോറിൽ കല്ലിടരുത്.
ഉണ്ടവനറിയില്ല ഉണ്ണാത്തവന്റെ വിശപ്പ്.
ഉണ്ണിയെ കണ്ടാലറിയാം ഊരിലെ പഞ്ഞം.
ഐകമത്യം മഹാബലം.
ഒന്നു ചീഞ്ഞാൽ മറ്റൊന്നിന് വളം.
ഒന്നേ ഉള്ളുവെങ്കിൽ ഉലക്ക കൊണ്ടടിക്കണം.
കുരയ്ക്കും പട്ടി കടിക്കില്ല.
കൊന്നാൽ പാപം തിന്നാൽ തീരും.
കോലെടുത്തവനൊക്കെ മാരാരാകുമോ?
ഗതികെട്ടാൽ പുലി പുല്ലും തിന്നും.
ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട.

-ശ്രീനന്ദന.ടി .സി

V : B

# പ്രകൃതി ഭംഗി

എന്നോടടുത്തുവാ എൻ പ്രകൃതി ഭംഗിയേ
എന്റെ മനസ്സിനടുത്തുള്ള
വർണ്ണ ഭംഗിയേ
എന്നോടടുത്തുവാ എൻ പ്രകൃതി ഭംഗിയേ
എന്റെ മനസ്സിനടുത്തുള്ള
വർണ്ണ ഭംഗിയേ
ഭൂമിയിലെ ഭംഗിയേറിയ
ചിത്രശലഭമേ....
നീ കാരണം ഞാനിവിടെ നിൽപ്പൂ
എൻ പ്രകൃതി ഭംഗിയെ



എന്നോടടുത്തുവാ എൻ പ്രകൃതി ഭംഗിയേ
എന്റെ മനസ്സിനടുത്തുള്ള
വർണ്ണ ഭംഗിയേ
ചിത്രശലഭത്തിൻ കൂട്ടത്തിന്റെ
ചിറകിനേക്കാൾ വർണ്ണ ഭംഗി
നീ എൻ പ്രകൃതി ഭംഗി
ശ്വസിക്കും വായുവിൻ കൂടാരമേ
ജീവികൾക്കിടയിലെ ജീവനാണു നീ
എൻ ശ്വാസം നിന്റേത്

–സഫ്റീന പി.എഫ് IX. A

# എന്റെ വിദ്യാലയം



അമ്മ തൻ കൈപിടിച്ചു........
കലങ്ങിയ കണ്ണുമായ് മഴയിൽ നനഞ്ഞു ഞാൻ
ആദ്യം കാൽവെച്ച എൻ വിദ്യാലയം
അമ്മതൻ വിരലുകൾ വിട്ടകലുമ്പോൾ
വിങ്ങിപ്പൊട്ടി ഞാൻ കരഞ്ഞു
സ്നേഹ വാത്സല്യമായ് വന്ന ഗുരുനാഥ
എനിക്കാദ്യാക്ഷരം പറഞ്ഞു തന്നു
കൂട്ടുകാരൊത്തു ഞാൻ കളിച്ചീടുമ്പോൾ
കരഞ്ഞ നാളുകളോർമ്മയില്ല
ഓർമ്മയിലെന്നും മറക്കാതെ ഞാനോർത്തീടും
നന്മ വിടർത്തീടുമെൻ വിദ്യാലയം

-അയിഷ സലിം


IX D

# കുഞ്ഞേ നിനക്കായ്




ഒരു കുഞ്ഞു പൂവാണ നീ
ഇളം തളിരുകൾ നാമ്പിട്ടും
ഈ വല്ലിയിൽ വിടരു -
മൊരു കുഞ്ഞു പൂവാണ നീ
സുസ്മേരവേദനയായ് വിരിവതു
കാണുവാൻ ആസ്വാദകവൃന്ദം കാത്തിരിപ്പൂ
അകതാരിലൊരു
കുഞ്ഞുമാലാഖയെക്കാണാ-
നരികെയൊരമ്മയും  കാത്തിരിപ്പൂ
ലോകം തെളിക്കുന്ന കനവിന്റെ
നിനവുകൾ കാതോർത്തു നിന്നു
പോയാൽ കാലം കരുതുന്ന കുഞ്ഞേ
നിനക്കായി കടലോളം
കണ്ണീരിന്നുറവ മാത്രം.
ഇവിടെയീപ്പൂവനിയിലണിയിച്ചൊരുക്കിയോ-
രറിവിന്റെ പൂമ്പൊടി നെഞ്ചിലേറ്റി
വളരുകനാൾക്കുനാ-
ളുയരുകമേൽക്കുമേൽ
നാടിന്റെ നന്മയായ്ത്തീർന്നീടുക.

-പെട്രീഷ്യ  റോബർട്ട്
(അദ്ധ്യാപിക)
ഫാറ്റിമ ഗേൾസ് ഹൈ സ്കൂൾ



– സഫ ഫാത്തിമ

VII. A

# RIDDLES

- What begins with the letter 't' , is full of 't' and finishes with 't'?

  A teapot with tea in it

- I have a face and two hand but no arms or legs ,what am I?

  Clock

- what starts and ends with the letter “e” but has only one letter ?

  An envelope

- what has a neck but no head?

  A bottle

- what has holes all over but still holds water?

  A sponge

- Mary Bakhita Nandana
IX. D

# പൊതുവിജ്ഞാനം

- കാറ്റിന്റെ നഗരം എന്നറിയപ്പെടുന്ന സ്ഥലം ഏത്?
- മനുഷ്യനിർമ്മിതമായ ആദ്യ മൂലകം ഏത്?
- പേഴ്സണൽ കമ്പ്യൂട്ടറിന്റെ പിതാവ് ആര്?
- ട്രോഫോളജി എന്തിനെക്കുറിച്ചുള്ള പഠനശാഖയാണ്?
- ജൈവമരുഭൂമി എന്നറിയപ്പെടുന്ന കടൽ ഏത്?
- ദേശീയ വനിതാകമ്മീഷന്റെ ആദ്യ അധ്യക്ഷ ആര്?
- മൂർത്തിദേവി പുരസ്കാരം നേടുന്ന ആദ്യ മലയാളി ആര്?
- കേരളത്തിലെ ആദ്യ കരകൗശലഗ്രാമം ഏത്?

## ഉത്തരങ്ങൾ

- 1. ചിക്കാഗോ
- 2. ടെക്നീഷ്യം
- 3. ഹെൻട്രി റോബർട്ട്
- 4. പോഷകാഹാരങ്ങളെക്കുറിച്ചുള്ള പഠനം
- 5.സർഗാസോ കടൽ
- 6.ജയന്തി പട്നായിക്
- 7.അക്കിത്തം
- 8.ഇരിങ്ങൽ

– ഫർസാന


IX. B

# കണികാണും മുമ്പ്

മേടച്ചൂടിൻ വാനോളം ഉയരം
വെയിൽ നാളങ്ങളിൽ
കൂടെ ചാഞ്ചാട്ടുമൊരു
നെൽ കതിർ പാടങ്ങളിൽ

ഉടനെയെത്തുമോയെന്നച്ഛനെന്നു
വഴിക്കണ്ണ് നട്ട് എൻ അമ്മ
ഞങ്ങളൊ പ്രകാശം
തേടി  അലയുന്നു.................


-സെൽമ .പി.എസ്
IX E



– ക്രിസ്ബിൾ ആൻടീസ
IX. C


# പ്രകൃതിയുടെ കാൽക്കൽ

ആഞ്ഞടിക്കുന്നു പ്രകൃതി
വെള്ളത്തിൽ ജ്വാലകളാൽ
മേഘങ്ങൾ തൻ വില്ലന്മാർ
ദിനം തോറും എത്തുന്നു
മഴയെ സമ്മാനിക്കുന്നു



രാപ്പാർക്കാൻ ലക്ഷങ്ങൾ
മണിമന്ദിരങ്ങൾ
മഴത്തുള്ളികളാൽ മുങ്ങുന്നു
പുച്ഛിച്ച നയനങ്ങൾ
വഞ്ചി അന്വേഷിക്കുന്നു
മത്സ്യതൊഴിലാളികളെ അംഗീകരിക്കുന്നു
യുവ തലമുറയെ സ്നേഹിക്കുന്നു.........

–ആയിഷ സലീം
IX. D



– ദീക്ഷിത വി. സനോജ്
VIII. C

# അന്യമായ് പോകുന്ന ജീവമലയാളം

ഓർക്കുക,
അച്ഛനും അമ്മയും പ്രണയിച്ച
ഭാഷ മലയാളം
കുമ്പിളിൽ കഞ്ഞി വിശപ്പാറ്റുവാൻ
വാക്കു തന്ന മലയാളം
പെങ്ങളോടെല്ലാം പറഞ്ഞു തളിർക്കുവാൻ
വന്ന മലയാളം
കൂലി പോരെന്നതറിഞ്ഞു പിണങ്ങുവാൻ
ആയുധം തന്നെ മലയാളം..............




– എലിറ്റ് ജിജ്ജി
IX. A

# പഴഞ്ചൊല്ലുകൾ

1. ഉരുളുന്ന കല്ലിൽ പുരളുമോ പായൽ?........
2. ഉള്ളിലൊന്ന്, കൈലൊന്ന് , നാക്കിലൊന്ന്.....
3. ഇരിക്കും മുമ്പേ കാൽ നീട്ടരുത്....
4. അടി തെറ്റിയാൽ ആനയും വീഴും.........
5. അതിലാഭം, പെരുചേതം....
6. അരമന രഹസ്യം, അങ്ങാടി പരസ്യം........
7. അടുത്തവനെ കെടുത്തരുത്......
8. നുണയ്ക്ക കാലില്ല........
9. ബഹളം ഏറെ, ലാഭം കുറച്ച്.........

-സമ്പാദനം

ഫർദീന

IX. E

# പ്രകൃതി

സൗന്ദര്യത്തിന്റെ ദീപം  ചാർത്തീ
വരുന്ന പ്രകൃതി തൻ അമ്മയുടെ
മടിതട്ടിലേക്ക്

പ്രകാശത്തിൻ  ഇലച്ചാർത്തുമായി നീ വന്നുവോ
ആയിരം നക്ഷത്രത്തിന്റെ തിളക്കം  നീ നൽകിയോ
അമ്മയെ പ്രകാശത്തിൻ തിളക്കം ചാത്തിയോ....
(ചാർത്തിയോ നീ)....

മന്ദം മന്ദം പാടി വരുന്ന കാറ്റു തലോടി
സുരഭിലമാക്കിയെൻ പ്രകൃതിയാകുന്ന അമ്മയെ
ആയിരം പൂർണ്ണചന്ദ്രന്റെ സൗര്യഭ്യമായി
യെൻ മുപിൽ ഇതാ യെൻ  അമ്മ
മകുടം ചാർത്തി നിൽക്കുന്നു.....
(ചാർത്തിയോ നീ)....

– സിൽസില ജാക്ക്സൺ
IX. A

# ഹായ് മുത്തച്ഛൻ !

ചർക്ക തിരിച്ച നൂലുണ്ടാക്കി
ഒത്തിരി മുമ്പൊരു മുത്തച്ഛൻ
സ്വാതന്ത്ര്യക്കൊടി നേടിയെടുക്കാൻ
പീഢ സഹിച്ചൊരു മുത്തച്ഛൻ




നമ്മുടെ നാടിൻ പ്രിയ മുത്തച്ഛൻ
ഗാന്ധിജി എന്നൊരു മുത്തച്ഛൻ
ഗാന്ധി പിറന്ന ദിനമാണേയിത്
ഗാന്ധിജയന്തി ദിനമാണേ

നാടൊട്ടുക്കും സേവനവാരം
തുടങ്ങിവെക്കും ദിനമാണേ
കുമിഞ്ഞു കൂടിയ മാലിന്യങ്ങൾ
നീക്കം ചെയ്യാം നമ്മൾക്ക് !...

-ഫഹ്മിത
IX. D

# സ്വയം നന്നാവുക



വലിയൊരു ലോകം
മുഴുവൻ നന്നാവാൻ
ചെറിയൊരു സൂത്രം
ചെവിയിലോതാം ഞാൻ...
'സ്വയം നന്നാവുക'

–കുഞ്ഞുണ്ണിമാഷ്

മലയാളത്തിലെ ആധുനിക കവികളിലൊരാളായിരുന്നു കുഞ്ഞുണ്ണിമാഷ്. ബാല സാഹിത്യമേഖലയിൽ ഇദ്ദേഹത്തിന്റെ സംഭാവനകൾ വ്യാപകമായ അംഗികാരം നേടിയിട്ടുണ്ട് . ഇക്കാരണത്താൽ കുട്ടിക്കവിതകളാണ് കുഞ്ഞുണ്ണിമാഷിന്റെ സവിശേഷത എന്ന ധാരണ വേരുറച്ച് പോയിട്ടുണ്ട്.

– ആദില പി. എ
IX. A

# ഐകമത്യം മഹാബലം



ഒരിക്കൽ ഒരു ഗ്രാമത്തിൽ ഒരു കൃഷിക്കാരനും മൂന്ന് മക്കളുംതാമസിച്ചിരുന്നു.മക്കൾ തമ്മിൽ എന്നും ശണ്ഠ കൂടുക പതിവായിരുന്നു.കൃഷിക്കാരൻ അതു കൊണ്ട് വളരെ ദു:ഖിച്ചു. ഒരു ദിവസം കൃഷിക്കാരൻ രോഗം ബാധിച്ച് കിടപ്പിലായി.താൻ ഇനി അധികകാലം ജീവിച്ചിരിക്കില്ലെന്ന് അയാൾ മനസ്സിലാക്കി. മക്കൾ ഇങ്ങനെ തമ്മിൽ തല്ലിയാൽ
അവർ നശിച്ചു പോകുകയുള്ളൂ എന്നോർത്ത് അയാൾ അവരെ അരികിൽ വിളിച്ചു. അവരോട് ആറ് വടികൾ കൊണ്ടുവരാൻ ആവശ്യപ്പെട്ടു.മക്കൾ വടി കൊണ്ടു വന്നു.അവയിൽ ഓരോ വടി മൂന്നു മക്കളുടെ കൈയിലും കൊടുത്തിട്ട് ഒടിക്കാൻ പറഞ്ഞു.അവർ നിഷ്പ്രയാസം വടി ഒടിച്ചു. പിന്നെ ബാക്കി മൂന്ന് വടികളും കൂട്ടിക്കെട്ടിയിട്ട് അടിക്കാൻ പറഞ്ഞു.
പക്ഷെ ആർക്കും ആ വടിക്കെട്ട് ഒടിക്കാൻ സാധിച്ചില്ല.കാരണമെന്തെന്നോ? കൂട്ടിക്കെട്ടിയപ്പോൾ വടികൾക്ക് കൂടുതൽ ശക്തി കിട്ടി.

"മക്കളെ ഇതാണ് ഐക്യത്തിന്റെ പാഠം.നിങ്ങൾ തമ്മിൽ ഐക്യം വേണം. മൂന്നു പേരും സഹകരിച്ച് ജീവിക്കണം. അപ്പോൾ നിങ്ങളുടെ ശക്തിയും ബലവും വളരെമടങ്ങ് വർദ്ധിക്കും. ആർക്കും നിങ്ങളെ തോൽപ്പിക്കാനോ, നശിപ്പിക്കാനോ കഴിയില്ല. ഒന്നിച്ചാൽ നിങ്ങൾ നിലനിൽക്കും. ഭിന്നിച്ചാലോ, നിങ്ങൾ നശിക്കും. ഐകമത്യം മഹാബലം."ഇത്രയും പറഞ്ഞ് കൃഷിക്കാരൻ അന്ത്യശ്വാസം വലിച്ചു. മക്കൾ മൂന്ന് പേരും സങ്കടത്തോടെ അച്ഛന്റെ ശവശരീരം നോക്കി കരഞ്ഞു. "ഇനി ഞങ്ങൾ വഴക്കടിക്കില്ലച്ഛാ " പിന്നെ അവർ ഒരിക്കലും ശണ്ഠയുണ്ടാക്കിയിട്ടില്ല.

-സമ്പാദനം
ഫഹ്മിത
IX. D

# കടങ്കഥകൾ

- ✔ എല്ലാം തിന്നും എല്ലാം ദഹിക്കും. വെള്ളംകുടിച്ചാൽ ചത്തു പോകും.



- ✔ അമ്മ പെറ്റതെല്ലാം കറുത്ത പട്ടാളം
- ✔ അങ്ങോട്ടോട്ടും ഇങ്ങോട്ടോട്ടും നേരെനിന്ന് സത്യം പറയും
- ✔ വെളുത്ത റോഡിലൂടെ കറുത്ത കാറോടുന്നു
- ✔ തിന്നില്ല , കുടിക്കില്ല , തല്ലാതെ മിണ്ടില്ല.
- ✔ രണ്ടു സുന്ദരികൾ ഒരുമിച്ചേ കരയൂ
- ✔ ഈച്ച തൊടാത്ത ഇറച്ചി കഷ്ണം

– സമ്പാദനം

അമീഷ വിനോദ്

IX. D

# പശു

ഒരുദിവസം ഒരുകുട്ടി റോഡിന്റെ വശത്തുള്ള
കുപ്പത്തൊട്ടിയിൽ നിന്ന് പഴത്തോൽ
പെറുക്കിത്തിന്നുമ്പോൾ ഒരുപശു അവന്റെയടുക്കൽ വന്ന്
ഒരു പഴത്തോൽ കടിച്ചുവലിച്ചു .
അവൻ പശുവിനെ തള്ളിനീക്കി.
പശു ഉറക്കെ കരഞ്ഞുകൊണ്ട്
റോഡിൽക്കൂടി ഓടി.
സന്യാസിമാർ ഉടൻ
പ്രത്യക്ഷപ്പെട്ടു .
വിശുദ്ധമൃഗമായ പശുവിനെ
നീയാണോ ഉപദ്രവിച്ചത് ?
ഞാൻ ഉപദ്രവിച്ചില്ല .



ഞാൻ തിന്നിരുന്നൊരു പഴത്തോൽ പശു തട്ടിപ്പറിച്ചു.
അതുകൊണ്ട് ഞാൻ ഓടിച്ചതാണ് കുട്ടി പറഞ്ഞു. നിന്റെ
മതമേതാണ് ?
സന്യാസിമാർ ചോദിച്ചു. മതം?
അതെന്താണ്?
നീ ഹിന്ദുവാണോ,മുസൽമാനാണൊ,ക്രിസ്ത്യാനിയാണോ?
നീ പള്ളിയിൽ പോകാറുണ്ടോ?
നീ അമ്പലത്തിൽ പോകാറുണ്ടോ?
ഞാൻ എങ്ങോട്ടും പോകാറില്ല.
എനിക്ക് കുപ്പായമില്ല.ട്രൗസറിന്റെ പിറകുവശം
കീറിയിരിക്കുന്നു. സന്യാസിമാർ അന്യോന്യം പറഞ്ഞു.
നീ മുസൽമാനായിരിക്കണം. പശുവിനെ നീ ഉപദ്രവിച്ചു.
നിങ്ങൾ പശുവിന്റെ ഉടമസ്ഥരാണോ?

കുട്ടി ചോദിച്ചു.സന്യാസിമാർ കുട്ടിയുടെ കഴുത്ത് ഞെരിച്ചു, അവനെകൊന്നു, കുപ്പത്തൊട്ടിയിലിട്ടു. സന്യാസിമാർ ഓം നമശ്ശിവായ, അങ്ങയുടെ തീരുമാനം വാഴ്ത്തപ്പെടട്ടെ.

-സമ്പാദനം

ഫസ്റി ഫൈസൽ

IX. A

# കുഞ്ഞനും കുടയും



കുഞ്ഞെലി രാവിലെ അമ്മയോട് വഴക്കിടാൻ തുടങ്ങി. കുറുക്കനും മാൻ കുട്ടിക്കുമൊക്കെ വലിയ കുടയുണ്ട്. എനിക്കും വേണം വലിയ കുട! അവൻ വാശി പിടിച്ചു. മോനെ,അവരെല്ലാം നിന്നേക്കാൾ വലുതായതു കൊണ്ടാണ് വലിയ കുട പിടിക്കുന്നത്. നിനക്കതു കൊണ്ട് നടക്കാൻ പറ്റില്ല ! അമ്മ പറഞ്ഞു

കുഞ്ഞനെലി അതു സമ്മതിച്ചില്ല.ഒടുവിൽ അമ്മ അവന് ഒരു വലിയ കുട വാങ്ങികൊടുത്തു .കുഞ്ഞനെലി വലിയ കുടയും പിടിച്ച് ഗമയിൽ നടന്നു. അപ്പോൾ വലിയൊരു കാറ്റ് വീശി . എത്ര ശ്രമിച്ചിട്ടും കുഞ്ഞനെലിക്ക് കുട പിടിച്ചു നിൽക്കാനായില്ല. അവൻ കുടയൊപ്പം പറന്നു ദൂരെ ഒരിടത്തു വീണു. കണ്ടില്ലേ അനുസരണ ഇല്ലാത്തതിന്റെ ഫലം.

-ഫഹ്മിത

IX. D

# സൗഹൃദം



ഇടുങ്ങിയ മനസ്സിൽ
ദുഖവും സന്തോഷവും
പകർന്നേകുവാൻ
ഉതകുന്നൊരു ബന്ധം.

വിശാലമായ ഈ ലോകത്തിനുമപ്പുറം ,
ഇടുങ്ങിയ ഈ മനസ്സുകൾക്കുമിടയിൽ
എന്നും നിലനിൽക്കുന്നൊരു ബന്ധം.

മഴയുടെ ചിരിയായി ,
കാറ്റിന്റെ കുളിരായി ,
ഹൃദയത്തെ തഴുകുന്ന രാഗം.

സംഗീതത്തിന്റെ ലഹരിയായി,
സ്നേഹത്തിന്റെ മധുരമായി ,
മനസ്സിൽ ചേക്കേറുന്ന രാഗം.

നിറഞ്ഞൊഴുകുന്ന പുഴയായി ,
പുഞ്ചിരി തൂകുന്ന നിലാവായി,
മനസ്സിനെ പ്രകാശിപ്പിക്കുന്ന
വെളിച്ചം.

കാലത്തിന്റെ കുത്തൊഴുക്കിൽ
ഒരിക്കലും മാറാത്ത ബന്ധം
അതാണ് സൗഹൃദം.

– മൻസി
IX. D

# RAIN

Rain is the purest water from the clouds. And it is only seen in clouds. We found and the rain and the cloud seen as the peace. Rain is coming from the clouds and giving water to birds, animals and trees. All are happy with the Rain. All the human beings like Rain. Rain is our precious gift from god.

-Neha Fathima

V. F

# കണ്ടില്ല ഞാൻ നിന്നിലേ ....

ആദ്യമായി എൻ മിഴികൾ നിന്നെ
സ്പർശിക്കും നേരം,
ഞാനറിഞ്ഞുവോ
നിന്നിലെ വെളിച്ചം. അന്നേതോ
പകൽ നിന്നെ ഞാൻ കണ്ടുമുട്ടി.
ഞാനറിഞ്ഞുവോ നീ ഇത്രമാത്രം,
അന്യരായിരുന്നനാം,
ഏതോപുലരിയിൽ ചങ്ങാതിമാർ.
"നീയാകുന്നു എന്റെ ലോകം
ഞാനാകുന്നു നിന്റെ ലോകം"



എന്നധരങ്ങൾ ചലിപ്പിച്ചു നാം.
അന്നേരവും ഞാനറിഞ്ഞില്ല നിന്നെ.
നിന്നുള്ളിലെ വെളിച്ചം തിരയാൻ
എൻ കണ്ണുകൾ വൈകി.

"ചങ്ങാതി" എന്നു നീ എന്നെ
വർണ്ണിച്ചു പറഞ്ഞനാൾ.അറിഞ്ഞില്ല
നിന്റെ ആത്മബന്ധം.ഏതോ പുലരിയിൽ
നിൻ വെളിച്ചം ഞാൻ കണ്ടെത്തി.
എൻ കണ്ണുകൾ തിരയാൻ വൈകിയ
വെളിച്ചം ഞാൻ കണ്ടെത്തവേ,
എൻ മനം നിൻ മുമ്പിൽ തലതാഴ്ത്തുന്നു.

ഞാനറിഞ്ഞുവോ നീ ഇത്രമാത്രം.
"എൻ പാതയിൽ പ്രകാശമായി നീ,
നിൻ പാതയിൽ പ്രകാശമായി ഞാൻ"
എന്ന അക്ഷരങ്ങളും അധരങ്ങളിൽ
സ്ഥാനം പിടിക്കവേ. അറിഞ്ഞു കഴിഞ്ഞു
നീ ഇത്ര മാത്രം....................

- മരിയ സാനിയ
IX. D

# അനുസരിക്കാത്തതിന്റെ ഫലം

ഒരിടത്ത് ഒരു കുട്ടിയുണ്ടായിരുന്നു. ആ കുട്ടി മഹാവികൃതിയാണ്. മാതാപിതാക്കളെ ഒന്നും അനുസരിക്കുകയില്ല.അവന് തിരിച്ചറിവുമില്ല. വെറും അഞ്ചു വയസുള്ള ആ കുട്ടി പറഞ്ഞതിന് എതിരേ ചെയ്യൂ. ഒരു ദിവസം അവൻ തിളങ്ങുന്ന എന്തോ കണ്ടു. അത് തീയാണെന്ന കാര്യം അവന് അറിയില്ലായിരുന്നു. അത് അവൻ തൊടാൻ പോയപ്പോൾ അമ്മ അവനോട് പറഞ്ഞു,"മോനേ, അതു തീയാണ്. തൊട്ടാൽ പൊള്ളും". എന്നാൽ അവൻ അതു അനുസരിക്കാതെ അതിന് തൊട്ടു. 'അയ്യോ...'അവൻ ഉച്ചത്തിൽ കരഞ്ഞു. അമ്മ അവനെ അടുത്തിരുത്തി ആശ്വസിപ്പിച്ചു. പിന്നീട് അവൻ ഒരു നല്ല കുട്ടിയായി ജീവിച്ചു.

- ഹന്ന കെ. സുദീർ

IX. A

# കള്ളവും വിശ്വാസവും




പരമുവും കിട്ടുവും കള്ളന്മാരായിരുന്നു. ഒരു ദിവസം പരമു പറഞ്ഞു:"നമ്മൾ ഇങ്ങനെ ചെറിയ മോഷണങ്ങൾ നടത്തി കാര്യമില്ല. ഒരുമിച്ചൊരു വലിയ മോഷണം നടത്തണം." അതു ശരിയാണെന്ന് കിട്ടുവിനും തോന്നി.

അങ്ങനെ അവർ കൊട്ടാരത്തിലെ ഖജനാവിൽ നിന്നും കുറേ സ്വർണ്ണം കൊള്ളയടിച്ചു. മോഷ്ടിച്ചു കിട്ടിയ സ്വർണ്ണവുമായി ഇരുട്ടിലൂടെ മടങ്ങുകയായിരുന്നു പരമുവും കിട്ടുവും. പരമുവിന്റെ കയ്യിലായിരുന്നു സ്വർണ്ണമുള്ള ഭാണ്ഡം. അപ്പോഴാണ് കിട്ടുവിന് തോന്നിയത്: ഈ ഇരുട്ടിൽ പരമു ഭാണ്ഡത്തിൽ നിന്ന് സ്വർണ്ണമെടുത്തു മാറ്റിയാൽ എങ്ങനെ അറിയും? "ഭാണ്ഡം ഞാൻ പിടിക്കാം." കിട്ടു പറഞ്ഞു. നമുക്ക് സ്വർണ്ണം പങ്കിട്ടു പിടിക്കാം.

അവർ ഒരു പന്തം കൊളുത്തി, വഴിയിലിരുന്ന് സ്വർണ്ണം രണ്ടായി പങ്കുവയ്ക്കാൻ തുടങ്ങി.

ആ പന്തത്തിന്റെ വെളിച്ചം കണ്ടാണ് ചില ഭടന്മാർ അവിടേക്കു വന്നത്. കൈയോടെ അവർ പരമുവിനെയും കിട്ടുവിനെയും പിടികൂടി.

"എന്നെ തനിക്കു വിശ്വാസമുണ്ടായിരുന്നെങ്കിൽ ഈ ഗതി വരില്ലായിരുന്നു!"പരമു പറഞ്ഞു. അതു കേട്ട് കിട്ടു പറഞ്ഞു:"കള്ളത്തരവും വിശ്വാസവും ഒരിക്കലും തമ്മിൽ ചേർന്നു പോകില്ല".

– ഇഷിത എസ്. ഐ
IX. D


# മലയാളം

മോഹമലരുകൾ പൂത്തുവിരിയുന്ന ഭൂമി മലയാളം

മാനസങ്ങളിൽ അമൃതുചൊരിയുന്ന ഭാഷ മലയാളം

ഐതിഹാസിക യാത്രചെയ്ത മണൽത്തരിപാടി

ഐതിഹാസിക വിജയമാണെൻ പുണ്യമലയാളം.




കൃഷ്ണഗാഥയിൽ സുകൃതമലരുകൾ പൂത്തുനിൽക്കുന്നു

കയ്ക്കാത്ത കാഞ്ഞിരത്തെ കവിതപാടുന്നു.

മർത്യനൊന്നാണെന്ന സത്യം ഗുരുചൊരിഞ്ഞപ്പോൾ

ചെമ്പഴന്തി നിലാവുമതിനെയേറ്റുപാടുന്നു.

മലകൾ കളരികൾ കേരളത്തെ പൊന്നുചാർത്തുമ്പോൾ

കരുണ ഹരിതക ഭാവമായി ചാഞ്ഞു പെയ്യുമ്പോൾ

കായലലയുടെ ചുണ്ടിലോണപ്പാട്ടുയരുന്നു

നമ്മളൊന്നാണെന്ന ഭാവം നെഞ്ചിൽ നിറയുന്നു.

-സമ്പാദനം

ഇഷിത എസ്. ഐ
IX. D



– നന്ദന പ്രമേഷ്

VIII. A

# MY DREAMS

I have a dream
I want to achieve it
I have a vision
I want to get it
I have a mission
I want to be in it
I have a motivation
To be a good person



- Fidha Parvin
VIII D

# പ്രഭാതം



പ്രദോഷദീപാവലി കണ്ടുകൊണ്ടു
പശ്ചാത്യഭൂഭാഗമണഞ്ഞ സൂര്യൻ
പ്രഭാത ദീപാവലി കണ്ടുകൊണ്ടു
പൗരസ്ത്യദേശത്തെയണഞ്ഞു വീണ്ടും

കള്ളന്റെ കണ്ണിന്നമലാഞ്ജനത്വം
കൈകൊണ്ടു കാണായ തമസ്സൊഴിഞ്ഞു
പ്രകാശമോ വീണ്ടുമനാദികാല-
സാമ്രാജ്യപീഠത്തെയലങ്കരിച്ചു.

താക്കോൽ കൊടുക്കാതരുണോദയത്തിൽ-
ത്താനേ മുഴങ്ങും വലിയോരലാറം
പൂങ്കോഴിതൻ പുഷ്കല കണ്ഠനാദം
കേട്ടിങ്ങുണർന്നേഴുന്നേറ്റു കൃഷീവലന്മാർ.

പാചത്തുപോയ്പ്പ് പാംസുലപാദചാരി
കൃഷീവലൻ വേല തുടങ്ങി നൂനം
സോത്സാഹമായ കാലികളെത്തെളിയ്ക്കു-
മവന്റെ താരസ്വരമുണ്ടു കേൾപ്പൂ.

നിശാന്ത സങ്കീർത്തന ഗീതികൊണ്ടു
നിർദ്ധാര്യമായ്ത്തീർന്ന നികേതനങ്ങൾ
കാണായി ബാലാരുണരഞ്ജിതങ്ങൾ
വൃക്ഷാന്തരാളം വഴിയങ്ങുമിങ്ങും.

മഞ്ഞിൻ കണം ചാർത്തി മരങ്ങൾ തോറും
തട്ടിത്തടഞ്ഞാർത്ത വിഹംഗനാദം
പാടേ ചരിക്കുന്ന കൃഷീവലന്റെ
കിടാവിനോടൊത്തു വിഭാതവാതം.

- ഫർഹാന ഇ. ജെ
IX. C

# എന്റെ കുട്ടിക്കാലം

ഞാൻ എന്റെ കുട്ടിക്കാലത്തെപ്പറ്റി ഓർക്കുമ്പോൾ മനസ്സിൽ ആദ്യം ഉണരുന്നത് ഒരു പുഞ്ചിരിയാണ്.ഞാൻ ഇന്നും ഓർക്കുന്നു, ആ കുട്ടിക്കാലത്തെ വയലുകളും പാടങ്ങളും കുളങ്ങളും പുഴയും...എന്തൊരു രസമാണ് അത്! ഞാൻ ആദ്യമായി പള്ളിക്കൂടത്തിൽ പോകുന്ന ദിവസം നല്ല മഴ പെയ്തു.എന്റെ കൈയിൽ കുടയില്ല,സ്കൂളിൽ നേരം വൈകിയിരുന്നു എന്തു ചെയ്യും! പള്ളിക്കൂടത്തിലേക്ക് ഞാൻ ഓടി അടുക്കുന്നു.പക്ഷേ അവിടെ എത്തിയപ്പോൾ ഞാൻ മഴ തുള്ളികൾകൊണ്ട് നനഞ്ഞു. ക്ലാസ് തുടങ്ങിയിരുന്നു ഞാൻ പേടിച്ചു കൊണ്ട് ക്ലാസിൽ കയറി.ആദ്യത്തെ ദിവസമായതുകൊണ്ട് ടീച്ചർ എന്നെ ഒന്നും ചെയ്തില്ല.ഞാൻ നനഞ്ഞിരിക്കുന്നതു കൊണ്ട് ആരും എനിക്ക് സീറ്റ് തന്നില്ല എനിക്ക് ഒരുപാട് വിഷമമായി.ഇത് ഞാൻ ഇന്നും ഓർമ്മിക്കുന്നു.

-ഹാദിയ

Vl. B


# മുക്തി

കുട്ടൻ നട്ടുനനച്ചൊരു കുഞ്ഞിതൈ
കുട്ടനോടോപ്പം വളർന്നു വന്നു....
കാലം കടന്നപ്പോൾ കായ്
ഫലമായി...
കുട്ടനോ നിഷ്ഫലമായ്
കഞ്ചാവും,
കള്ളും,ചരസ്സുമൊക്കെ
കുട്ടന്റെ ബോധത്തെ
മിഥ്യയാക്കി...



അച്ഛൻ മരിച്ചതും, അമ്മ കരഞ്ഞതും
അറിയാതെ കുട്ടൻ മിഴ്ച്ചിരുന്നു...
അനിയത്തി വന്നതും, അനിയൻ ജനിച്ചതും
സ്വപ്നമാണെന്നറിഞ്ഞു കുട്ടൻ
ആളുകൾ കുട്ടനെ കൊണ്ടുപോയി
ആറ്റിലെ വെള്ളത്തിൽ ശുദ്ധമാക്കി
എന്നിട്ടും കിട്ടാത്ത കുട്ടൻതൻ ബോധത്തെ
ക്കുറിച്ചാളുകൾ സഹതപിച്ചു
ലഹരിക്കടിമയാം ഈ ഊഴിയെ കാക്കുവാൻ
മാലോകർ  നിങ്ങൾ സംഘടിപ്പിൻ
പ്രാർത്ഥനയോടെ കൈക്കൂപ്പി നിൽക്കു മുക്തിക്കായ് മനുഷ്യരെ
പ്രാപ്തരാക്കു........

-മൻസി എം. എസ്   IX. D




– നന്ദന പ്രമോഷ്
VIII. A




– നിസ്സാന പർവീൻ
VI. E

# ഒരു ബോൺസായ് സങ്കടം

ബോൺസായ് ചെടികൾ എന്നെ ഒരിക്കലും സന്തോഷിപ്പിച്ചിട്ടില്ല . അവ എന്നും എന്റെ സങ്കടമായിരുന്നു. ഫ്ളവർശോയിൽ നിരന്നു നിൽക്കുന്ന ബോൺസായ് ചെടികളുടെ കുരുന്നിലകളിൽ ഞാനെന്നും കണ്ണുനീരിന്റെ നനവേ കണ്ടിട്ടുള്ളൂ.
അവയിലൊന്നിന്റെ കുരുന്നിലയിൽ മെല്ലെ തലോടിയപ്പോൾ അവൾക്ക് എന്നോട് എന്തോ സംസാരിക്കാനുണ്ടെന്നു തോന്നി. അത് വളർച്ച നിഷേദിക്കപ്പെട്ട ഒരു പാവം ആൽമരമായിരുന്നു. ആകാശം മുട്ടെ വളരാൻ കെൽപുള്ളവൾ! ആയിരം അത്ഭുതങ്ങളെ ഉള്ളിലൊതുക്കിയവൾ! ചില്ല വീശിയാട്ടി, ഓരോ ഇലയിലും ചെറുകാറ്റിനേയും തണലിനേയും ഒളിപ്പിച്ച്, ജീവിതാശ്വാസത്തിന്റെ അക്ഷയസ്രോതസ്സുകളെഉള്ളിൽ പോറിയവർ !ഇളകിയാടുന്ന പരശതം ഇലകളാൽ അലംകൃതമായ ചില്ലകൾ വിരിച്ച് ഒരുപ്രദാശം പച്ചപ്പന്തൽ വിടർത്താൻ കെൽപുള്ളവൾ
ആൽമരത്തിന്റെ മൗനം എന്നോട് ഒച്ചയില്ലാതെ സംസാരിക്കുവാൻ തുടങ്ങി.
"ഒരിക്കൽ ഞാനും കുഞ്ഞിക്കിളിയോടു പറഞ്ഞിരുന്നു., വലുതാവുമ്പോൾ കൂട്ടുകൂടാൻ ഒരു ചില്ല തരാമെന്ന് !
എന്റെ ചില്ലയിൽ കിളികൾ കൂട്ടുകൂടുന്നതും കുഞ്ഞിക്കിളികളെ താലോലിക്കുന്നതും ഞാനും സ്വപ്നം കണ്ടിരുന്നു.
കിളിയും കാറ്റും മഴയും ചോദിച്ചു എന്തേ നീ വളരാത്തെ കുഞ്ഞിപ്പെണ്ണേ? തണലുതേടി കളിക്കാനൊരുങ്ങിവന്ന കുസൃതികുരുന്നുകളും അതു തന്നെ ചോദിച്ചു.
ബോൺസായ് ചെടിയുടെ നനഞ്ഞ കണ്ണുകൾ വീണ്ടും സംസാരിച്ചു. ഞാനൊരു വീട്ടുമുറ്റവും അലങ്കരിക്കാനാഗ്രഹിക്കുന്നില്ല. ഞാനൊരു പ്രദർശനത്തിലും പങ്കെടുക്കാനാഗ്രഹിക്കുന്നില്ല.

ഞാൻ........ ചില്ലയാട്ടി, കാറ്റുവീശി, മഴപെയ്തിറങ്ങി
തണുത്തുപോയ ഇലക്കൂട്ടങ്ങളുമായ് തണലും കാറ്റും പരത്തി
ജീവിക്കാൻ മാത്രം കൊതിച്ചവൾ!
ബോൺസായ് ചെടി പിന്നെയും എന്തൊക്കെയോ പറഞ്ഞു.
പാതി നിലച്ചുപോയ വളർച്ചയുടെ സംഗീരത്തെ കുറിച്ച് ..........
പാതിമുറിഞ്ഞുപോയ വ്യക്തിത്വത്തെകുറിച്ച് നീട്ടിയചില്ലകളത്രയും
ഇലയും ഇലയും കനിയും നിറയ്ക്കാൻ കകൊതിച്ചതിനെ കുറിച്ച്....
ആകാശം തൊടാൻ കൊതിച്ച പുതുനാമ്പുകൾ മുളയിലേ
നുള്ളിപ്പോയതിനെ കുറിച്ച്......... മണ്ണിന്റെ ആഴം പരതിപ്പോയ
വേരുകൾ പലതും മുറിച്ചുനാറ്റപ്പെട്ടതിനെ കുറിച്ച്........
എനിക്കൊന്നും പറയാൻ കഴിഞ്ഞില്ല. കാരണം ബോൺസായ്
ചെടികൾ എന്നും എനെ സങ്കടമായിരുന്നു. അവയെ
കാണുമ്പോൾ വേദനകൾ ഉള്ളിലൊതുക്കി എല്ലാവരേയും
ചിരിപ്പിക്കുന്ന സർക്കസ്സിലെ പാവം കുഞ്ഞു മനുശ്യരെ
ഞാനോർക്കും.ബോൺസായ് ചെടികൾ.............
ആകാശത്തോളം ഉയരാൻ കൊതിച്ച അമർത്തിയ
തേങ്ങലുകളുമായി ഭൂമിയോളം താഴ്ന്നുപോയ പാവം ബോൺസായ്
ചെടികൾ!

– ബീന ജോസഫ്

അദ്ധ്യാപിക

ഫാറ്റിമ ഗേൾസ് ഹൈ സ്ക്കൂൾ

# യാത്ര




ആയിരം കുതിരയെ
                പൂട്ടിയ തേരിൽക്കേറി
വായുവേഗത്തിൽപ്പാഞ്ഞു
                പോകുന്നു ഞാനെങ്ങോട്ടോ
എടുത്തുചാട്ടമീ
                തുരഗങ്ങളെ നിർത്താൻ
കടിഞ്ഞാണുകളില്ല ,
                ദുർബ്ബലൻ ഞാനിത്തേരിൽ
എങ്ങനെ – പരാധീന –
                നല്ലി ഞാൻ? – നിയന്ത്രിക്കും?
എന്നെയിക്കുതിരകൾ
                ക്കണ്ടൊരു വെളിച്ചത്തി
ലെത്തിയി, ല്ലൊരുപക്ഷേ, –
                യോടുന്നു വെളിച്ചവും!
അല്ലെങ്കിൽ, നിന്നോടത്തേ
                നിൽപ്പു നാ, മെത്തുന്നു നാ
മെല്ലാരും പുറപ്പെട്ട
                ദിക്കൽത്താനവസാനം

– മൻസി
IX. D



-റിഹാന ഫാദിയ
VII. B





– സഫ ഫാത്തിമ
VII. A




- നന്ദന പ്രമോഷ്
VIII. A

# നവദേവാലയത്തിലെ തിരുപ്പിറവി

ഗൃഹാതുരസ്മൃതികൾ അയവിറക്കിക്കൊണ്ട് ഒരു തിരുപ്പിറവിക്കൂടി നാം ഒരുങ്ങുകയാണ്. ലോകം കണ്ട ഏറ്റവും വലിയ ജന്മദിനാഘോഷം നമ്മൾ എല്ലാവർഷവും ക്രിസ്തുമസ് ആഘോഷിക്കാറുണ്ട്. എല്ലാവവർഷവും പുൽക്കൂടൊരുക്കുന്നു. നക്ഷവിളക്കുകൾതൂക്കുന്നു.... പാതിരാകുർബാനയിൽ പങ്കുചേരുന്നു. വിഭവസമൃദ്ധമായ ഭക്ഷണമൊരുക്കുന്നു. എന്താണീ ആഘോഷങ്ങൾക്കുള്ള പ്രസക്തി എന്നു ചിന്തിച്ചിട്ടുണ്ടോ..? നമ്മുടെ പിതാവായ ദൈവത്തിന് വലിയൊരു സ്വപ്നമുണ്ടായിരുന്നു. ദൈവത്തിന് നമ്മോടുകൂടെ ആയിരിക്കാൻ വലിയ ആഗ്രഹം. അതിന് ദൈവം സുന്ദരമായ ഒരു മാർഗം കണ്ടെത്തി. തന്റെ പുത്രനെത്തന്നെ ലോകത്തിനു നൽകുക. അങ്ങനെ ഇമ്മാനുവലിലൂടെ നമ്മോടുകൂടെയായിരിക്കുക. ആ സ്വപ്നസാഫല്യത്തിനായി മറിയത്തെയും ജോസഫിനെയും ദൈവം തെരഞ്ഞെടുത്തു. വർഷങ്ങൾക്കുമുൻപേ പ്രവചിക്കപ്പെട്ട കാത്തിരിപ്പിന്റെ പരിസമാപ്തിയായി ദൈവകുമാരൻ പിറവിയെടുത്തു. പക്ഷേ, ഒരു രാജകൊട്ടാരവും അവനായി ഒരുങ്ങിയില്ല. ഉണ്ണി പിറന്നത് ഒരു പുൽത്തൊഴുത്തിൽ. എന്തുതന്നെയായാലും ഒരു കാര്യം സത്യമാണ്. കുഞ്ഞുപിറക്കുന്നിടത്തൊക്കെ ഒരാനന്ദമുണ്ട്.

നമ്മുടെ വീട്ടിൽ ഒരു കുഞ്ഞുവാവ പിറക്കുമ്പോൾ എന്തുരസമാണ്. വീട്ടുകാർക്കും നാട്ടുകാർക്കും ആഘോഷം. ലൗകികമായ ആഘോഷം നമ്മുക്കു സന്തോഷം നൽകും. എന്നാൽ, ആത്മീയ ആഘോഷം ആനന്ദവും. സന്തോഷം

ഇടയ്ക്കിടെ സങ്കടത്തിനു വഴിമാറും. എന്നാൽ,ആനന്ദം സ്ഥിരമാണ്. അങ്ങനെയെങ്കിൽ ആത്മീയവും അലൗകികവുമായ ആനന്ദമുണ്ടാക്കാൻ ഉണ്ണി പിറക്കണം. ഈ ഉണ്ണി എവിടെയാണ് പിറക്കേണ്ടത്? നമ്മുടെ ഹൃദയങ്ങളിലല്ലേ...??

- പെടീഷ്യ റോബർട്ട്

അദ്ധ്യാപിക

ഫാറ്റിമ ഗേൾസ് ഹൈ സ്ക്കുൾ


# എന്റെ കുട്ടിക്കാല ഓർമകൾ

ഒരിക്കൽ ഞാനും എന്റെ കൂട്ടുകാരികളും കൂടി മണ്ണപ്പം ചുട്ടു കളിക്കുകയായിരുന്നു. മണ്ണ് വാരി കളിക്കരുതെന്ന് അച്ഛനും അമ്മയും പറഞ്ഞിരുന്നു. എങ്കിലും അവരെക്കാണാതെ ഞങ്ങൾ മുറ്റത്തെ മതിലിന്റെ താഴെയിരുന്നു കളി തുടങ്ങി. കുറച്ചുവെള്ളവും പൊടിമണ്ണും കൂടി കുഴച്ച് കണ്ണൻ ചിരട്ടയിൽ വാരി നിറച്ച് ഒരു ഇലയിലേക്ക് കമിഴ് ത്തിവെക്കും അതിനുശേഷം ഒരു ചെറിയ കല്ലുകൊണ്ട് അതിന്റെ മുകളിൽ ഇടിച്ച് ചിരട്ടെ മെല്ലെ ഉയർത്തിയെടുക്കും. പിന്നീട് അത് ഉണങ്ങാൻ വെയിലത്തുവെക്കും . അങ്ങനെ ഓരോരുത്തരും ഉണ്ടാക്കുന്ന അപ്പം നിരത്തി വെക്കും ചില അപ്പത്തിന് നല്ല ആകൃതിയും ഭംഗിയും ഉണ്ടായിരിക്കും. ഞാൻ ഉണ്ടാക്കിയ അപ്പമാണ് ഏറ്റവും മോശമെന്ന് പറഞ്ഞ് കൂട്ടുകാരികൾ എന്നെ കളിയാക്കും. അപ്പോൾ അവരുമായി ഞാൻ പിണങ്ങുകയും ഇലയിൽ ഉണങ്ങാൻ വെച്ചിരിക്കുന്ന അപ്പമെല്ലാം ചവിട്ടിപ്പൊടിക്കുകയും ചെയ്യും. മാത്രമല്ല അവരുമായി ഇനി ഒരിക്കലും കൂടില്ലെന്ന് പറഞ്ഞ് അന്നത്തെ കളി അവസാനിപ്പിക്കും. ഞങ്ങളുടെ വഴക്ക് അമ്മ കാണുകയും ആശ്വസിപ്പിക്കുകയും ചെയ്യും. ഒന്നുരണ്ട് ദിവസം പിണങ്ങിയിരിക്കും. പിന്നീട് പഴയതുപൊലെ വീണ്ടും കൂട്ടുകയും
മറ്റ് കളികളിൽ ഏർപ്പെട്ടുകയും ചെയ്യും. ഇന്ന് അതേക്കുറിച്ചെല്ലാം ഓർക്കുമ്പോൾ വളരെ രസകരമായിത്തോന്നുന്നു

- ഷഹർബാൻ . ബി . എൻ

VII . D

# മുത്തശ്ശിമാവ്



കുട്ടികളേ എല്ലാവരും കളിച്ച് തളർന്നോ ഇനി ഇത്തിരി എന്റെ തണലിൽ വന്നിരുന്നോളൂ. ഞാൻ നിങ്ങൾക്ക് എന്റെ കഥ പറഞ്ഞുതരാം.

ഒരുപാട്ടുകാലം മുമ്പ്, അതാ ആ കാണുന്ന വയലിന്റെ അക്കരെ ഒരു മാവുണ്ടായിരുന്നു. പടർന്നു പന്തലിച്ച നിന്ന ഒരു മാവുണ്ടായിരുന്നു. പടർന്നു പന്തലിച്ച നിന്ന ഒരു തേന്മാവ്. അതായിരുന്നു എന്റെ അമ്മ.

അമ്മ മാവിന്റെ ഉച്ചയിലെ ഒരു ഉണ്ണിമാങ്ങയായിരുന്നു ഞാൻ. മാസങ്ങൾക്കു ശേഷം ഞാനൊരു മുഴുത്ത മാമ്പഴമായി. അന്നൊക്കെ എന്നെ കാണേണ്ടതായിരുന്നു. മഞ്ഞയും ഓറഞ്ചും കലർന്ന തുടുത്ത ഒരു മാമ്പഴം.

ഞങ്ങൾ കൂട്ടുകാരെല്ലാം കാറ്റിലാടി രസിച്ചു. കഴിഞ്ഞ കാലം ഞങ്ങളെല്ലാം ഒരു കുലയിൽ മുട്ടിയിരുന്ന് തമാശകൾ പറഞ്ഞ്

രസിക്കുകയായിരുന്നു.അപ്പോഴാണ് അതു സംഭവിച്ചത്.

ഒരു കാക്ക വന്ന് എന്നെ ഒരു കൊത്ത്. പ്ധും ഞാൻ ഞെട്ടറ്റ് താഴെ മാഞ്ചുവട്ടിൽ കളിക്കുന്ന കുട്ടികൾക്കു മുമ്പിലാണ് ചെന്നു വീണത്. അതിലൊരുത്തൻ ഓടിവന്ന് എന്നെ എടുത്ത് എന്റെ മേൻമധുരമേറുന്ന ഭാഗങ്ങൾ കഷ്ണങ്ങളാക്കി കൂട്ടുകാർക്ക് പങ്കു വച്ചു. മാങ്ങയണ്ടി കടലാസിൽ പൊതിഞ്ഞ് കയ്യിൽ വച്ചു. “ ഇത് ഞാൻ വീട്ടു പറമ്പിൽ കുഴിച്ചിടാം”.ആ മിടുക്കൻ പറഞ്ഞു . അവൻ പറഞ്ഞതുപോലെ ചെയ്തു. മഴക്കാലമായി മഴയിൽ നനഞ്ഞുകുതിർന്ന ഞാൻ മെല്ലെ മുളച്ചു പൊന്തി. ഇപ്പോൾ ഞാനൊരു മുത്തശ്ശിയായി. എന്റെ മക്കളും പേരക്കിടാങ്ങളുമൊക്കെ എവിടെയാണോ എന്നാലും ഇനിയും കുറേക്കാലം ഞാൻ ഉണ്ടാവും തണലും മധുരവും തന്ന് രസിപ്പിക്കാൻ.

-റുക്സാന സി. എ

IX. A

# സുരക്ഷിതത്വത്തിൽ വിദ്യാലയത്തിന്റെ പങ്ക്

വിദ്യാലത്തിന്റെ പങ്ക്: കുട്ടികളേ സുരക്ഷിതമാക്കാൻ വിദ്യാലയം ഒരുപാടു കാര്യങ്ങൾ ചെയ്യുന്നുണ്ട്. വിദ്യാലയം പലതരം രക്ഷകരായി വിദ്യാർത്തിയുടെ മുന്നിൽ എത്താറുണ്ട്. വിദ്യാർത്തികളുടെ സാമ്പത്തികശേഷി എത്രതന്നെയായാലും വിദ്യാലയത്തിനുള്ളിൽ എല്ലാവരും ഒരുപോലെയാണ്. എല്ലാ മാസവും പരീക്ഷകൾ നടത്തി രക്ഷിതാക്കൾക്ക് മീറ്റിങ് വക്കുന്നതിലൂടെ തന്നെ കുട്ടിയുടെ പഠനത്തിൽ കൂടുതൽ ശ്രദ്ധിക്കുവാനും, കുട്ടികൾക്ക് പഠനത്തിൽ ഉന്നത വിജയം കൈവരിക്കുവാനും സാധിക്കുന്നു. വിദ്യാലയത്തിനെ ഉള്ളിൽ വന്നാൽ ഹിന്ദുവോ,ക്രസ്ത്യാനിയോ,മുസ്ലീമോ എന്ന് തരംതിരിക്കലില്ല. മതഭീശണികളിൽ നിന്നിവരെ രക്ഷിക്കാനാണിത്. പുറത്ത് നിന്നും ആക്രമണങ്ങൾ  കുട്ടികൾ നേരിടാണ്ടിരിക്കാൻ പലതരം സജ്ജീകരണങ്ങൾ വിദ്യാലയത്തിനെ അകത്തും പുറത്തും ശക്തമായി നിയമിക്കുന്നു . വിദ്യാലയ മുൻവശത്തുള്ള റോട്ടുകളിൽ ട്രാഫിക്ക് ഉണ്ടാകാതിരിക്കാൻ പോലീസുകാരുടെ സംരക്ഷണം നൽകുന്നു. ബസ് സ്റ്റോപ്പിൽ ബസ് കാത്ത് നിൽക്കുന്ന കുട്ടികളെ കയറ്റാതെ പോകുന്ന ബസ്സുകാരിൽ നിന്നും അതോടൊപ്പം കുട്ടികളെ ശല്യപ്പെട്ടുത്തുന്ന പൂവാലൻമാിൽ നിന്നും പോലീസിനാൽ സംരക്ഷിക്കുന്നു. വിദ്യാലയവും പരിസരവും സംരക്ഷിക്കുന്നതിലൂടെ പലതരം രോഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നു. ഇതെല്ലാം സ്വയം ചെയ്യുന്നതിലൂടെ അവരെ സ്വയം സംരക്ഷിക്കാൻ വിദ്യാലയം പ്രാപ്തരാകുന്നു.

അദ്ധ്യാപികയും വിദ്യാർത്ഥിയും :

വിദ്യാർത്ഥികൾക്ക് ഒരു അദ്ധ്യാപിക അമ്മയെ പോലെ ആയിരിക്കണം. അമ്മ കുട്ടികളെ ശകാരിക്കുന്നതും, സ്നേഹിക്കുന്നതും, വാത്സല്യിക്കുന്നതും, സംരക്ഷിക്കുന്നതും പോലെ അദ്ധ്യാപിക വിദ്യാർത്ഥികളെ സംരക്ഷിക്കണം. വിദ്യാർത്ഥികൾ തെറ്റ് ചെയ്തതു കണ്ടാൽ അമ്മയെ പോലെ നിന്ന് അവരെ ശകാരിച്ച് ഉപദേശിക്കണം. എന്നിട്ടവരോട് സ്നേഹപൂർവ്വം കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കികൊടുക്കണം. അവരെ തിന്മകളിൽ നിന്ന് സംരക്ഷിക്കണം. എങ്ങനെ അവരെ സ്വയം സംരക്ഷിക്കാം എന്നു പറഞ്ഞുകൊടുക്കണം. വിദ്യാലയവും വിദ്യാർത്ഥിയും :

വിദ്യാലയത്തിൽ വരുന്ന വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ അതികൃതർ അറിഞ്ഞിരിക്കണം . വിദ്യാർത്ഥികൾക്ക് വിദ്യാലയത്തിൽ നിന്നും അനധികൃതമായി സംഭവിച്ചാൽ അതിന്റെ പീർവ്വ ഉത്തരവാദിത്വം സ്കൂൾ അധകൃതരിക്കാണ്. അല്ലാത്ത പകരം അതിന്റെ കാരണം തെളിയിക്കേണ്ടതാണ്. സ്കൂളിൽ നിന്ന് ഉച്ചഭക്ഷണം കഴിച്ച കുട്ടിക്ക് പെട്ടെന്നൊരു വൈറൽ ഇൻഫെക്ഷൻ ബാധിച്ചാൽ അതോടൊപ്പം സ്കൂൾ ഭക്ഷണമാണ് കാരണമെന്ന് തെളിഞ്ഞാൽ പിന്നീട് വേണ്ട ഭക്ഷണത്തിന്റെ സുരക്ഷിതത്വത്തെ കുറിച്ച് സ്കൂൾ അധികൃതർ കാര്യമായി ചിന്തിക്കേണ്ടതുണ്ട്. അത് പോലെ തന്നെ സ്കൂൾ ബസ്സ് ഡ്രൈവർ എങ്ങനെയുള്ള ആളാണെന്നും അയാൾ അക്രമകാരിയല്ലെന്നു ഉറപ്പുവരുത്തുക.

വിദ്യാർത്ഥികളുടെ സുരക്ഷിതത്വം:

വിദ്യാർത്ഥികളെ തെറ്റിലേക്ക് നയിക്കാതിരിക്കുകയും അറിയാതെയാണെങ്കിലും വിദ്യാലയവും അദ്ധ്യാപകരും കുട്ടികളെ ചീത്തയാവാൻ അനുവദിക്കരുത്. വേണ്ടത് പോലെ സംരക്ഷിക്കുക. വിദ്യാലയം ഒരു കുട്ടുകുടുംബവും അദ്ധ്യാപകരും വിദ്ധ്യാർത്ഥിയും അതിലെ അംഗങ്ങളാകാനും സാധിക്കണം . കുടുംബത്തിലെ ഒരംഗവും ചീത്തയാകാൻ ആഗ്രഹിക്കില്ല , അനുവദിക്കുകയുമില്ല . അതുപോലെ വിദ്യാർത്ഥികളെ സംരക്ഷിച്ച് അവരെ സ്വയം സുരക്ഷിതരാവാൻ വിദ്യാലയം പ്രാപ്തരാക്കുക.

-റാനിയ റഹ്മാൻ

IX. A

# കഴിവ്

അന്ന് സ്കൂളിൽ എല്ലാവർക്കും ടീച്ചർ നോട്ടീസ് വിതരണം ചെയ്തു.
അതിൽ ഒരു കുട്ടി എഴുന്നേറ്റ് എന്നിട്ട് പറഞ്ഞു: "ടീച്ചർ ഇത് എന്തിനുള്ള നോട്ടീസാണ്? ടീച്ചർ വിശദമായി പറഞ്ഞു: " കുട്ടികളേ! നിങ്ങളുടെ കഴിവുകൾ അവതരിപ്പിക്കാനുള്ള നോട്ടീസാണിത്. എല്ലാവരും ഇതിൽ പങ്കെടുക്കണം.
ഇന്റർവെല്ലിന് മണിയടിച്ചപ്പോഴേക്കും എല്ലാവരും ക്ലാസ്സിൽ നിന്ന് പുറത്തിറങ്ങി. ടീനയും പ്രയയും അവരുടെ കുറച്ച് കൂട്ടുക്കാരും ക്ലാസ്സിലിരുന്ന് അതിനെക്കുറിച്ച് ചർച്ചയായി. പ്രിയ പറഞ്ഞു! ഞാനെന്തായാലും ചിത്ര രചനയ്ക്ക് ചേരും. എനിക്ക് അതിനുള്ള കഴിവുണ്ട്. അപ്പോൾ പ്രിയ ടീനയോട് ചോദിച്ചു: " എന്താ, നീ ഒന്നിനും ചേരുന്നില്ലേ"? അപ്പോൾ അവൾ പറഞ്ഞു: " ഞാൽ എന്തിനു പങ്കെടുക്കണം എനിക്ക് അതിനുള്ള കഴിവില്ലല്ലോ". അപ്പോൾ അവർ  അതിശയത്തോടെ ചോദിച്ചു: "എന്തൊക്കെയാണ് നീ പറയുന്നത്!നിനക്ക് കഴിവുണ്ട്". അപ്പോൾ ദേഷ്യത്തോടെ ടീന പറഞ്ഞു: " എനിക്ക് കഴിവൊന്നും ഇല്ല എന്നല്ലേ ഞാൻ പറഞ്ഞത്, നിങ്ങൾക്ക് പറഞ്ഞാൽ മനസ്സിലാവില്ലേ". "ടീന, പ്രിയ എന്താ ഇവിടെ പ്രശ്നം?".എന്ന് ചോദിച്ചുക്കൊണ്ട് ക്ലാസ്സ് ലീഡർ കടന്നു വന്നു. അവളോട് അവർ വിഷയം അവതരിപ്പിച്ചു. ക്ലാസ്സ് ലീഡർ പറഞ്ഞു: "ഈ ഭൂമിയിൽ കഴിവില്ലാത്തവരുമായി ആരുമില്ല, ടീന! നിനക്കുമുണ്ട് കഴിവുകൾ. ടീന തുടർന്നു: "ശരി, എനിക്ക് കഴിവുണ്ട്എന്ന് ഞാൻ സമ്മതിച്ചു തരാം. പക്ഷേ ഞാൻ എങ്ങനെയൊണ് എന്റെ കഴിവുകൾ തിരിച്ചറിയാനും അവ വികസിപ്പിക്കുകയും ചെയ്യുന്നത്?. ക്ലാസ്സ് ലീഡർ തുടർന്നു: "ടീച്ചറോടോ, അമ്മയോടോ, കൂട്ടിക്കാരോടോ ചോദിച്ചു നോക്കു. അവർക്ക് എല്ലാവർക്കും ഒരേ അഭിപ്രായമാണെങ്കിൽ നീ അതിൽ പങ്കെടുക്കു". അവൾ ആലോചിച്ചു. അപ്പോഴാണ് അവളുടെ കഴിവിനെക്കുറിച്ച് അവൾക്ക് ബോധ്യമായത്.

കണ്ടില്ലേ പ്രിയ കൂട്ടുക്കാരെ! നിങ്ങൾ ഓരോരുത്തർക്കുമുണ്ട് വ്യത്യസ്തമായ കഴിവുകൾ. ദൈവം ഓരോരുത്തർക്കും എല്ലാ കഴിവുകളും ഉണ്ടാകും. പക്ഷേ, അതിൽ ചിലത് മാത്രമേ നമുക്ക് പ്രയോജനപ്പെടുകയുള്ളൂ. നിങ്ങളുടെ കഴിവുകൾ കണ്ടെത്തണമെങ്കിൽ നിങ്ങളെ നന്നായിട്ടറിയാവുന്നവരുമായി ചോദിക്കൂ. എനിക്കറിയാം നിങ്ങൾ നിങ്ങളുടെ കഴിവുകൾ വികസിപ്പിക്കുമെന്നും നിങ്ങൾ മുന്നേറുമെന്നും. **"മുന്നേറൂ നിങ്ങളുടെ ലക്ഷ്യത്തിലേക്ക്".**

- അഫീഫ എം. എം

VII. B


# വിട്ടുപോകുന്നതിന്റെ വിഷമം



പോകുന്നേൻ പോകുന്നേനോ
ഞാനൊ ഞാൻ പോകുന്നേ
പേരാറ്റിൻ പെരുമണലേലോ
ഞാനൊ ഞാൻ പോകുന്നേ
എന്നിന്നങ്ങർ തോഴിമാരെ
ഞാനോ ഞാൻ പോകുന്നേ
ഞാൻ വളർത്തിയ കുട്ടകോഴി
ഞാനോ ഞാൻ പോകുന്നേ
പോകുന്നേൻ പോകുന്നേനോ
ഞാനോ ഞാൻ പോകുന്നേ
പേരാറ്റിൻ പെരുമണലേല്ലാ
തേരല്ലേ കാണുന്നേ...

-പ്രിയ കെ. പി
IX. E








Sculpture


antony


karott@yahoo.com


antony karott@yahoo.com











Works Done by

Antony Sebastian
Drawing Teacher
Fatima Girls High School

# മാറ്റം

പൂവ് ചെടിയോട് മൊഴിഞ്ഞു........
നീയാണ്ഞാൻ നിന്നിലാണ് ഞാൻ പിറന്നത്.
ഞാൻ നിന്നെ ഒരിക്കലും പിരിയുകയില്ല.....
ദിനങ്ങൾ കൊഴിഞ്ഞു. പൂവിന്റെ ഇതളുകളും.

ഇല മരത്തോടു മൊഴിഞ്ഞു
നിന്റെ പച്ചപ്പാണ് ഞാൻ... നീയില്ലാതെ
ഞാനില്ല....
ഞാനൊരിക്കലും നിന്നെ പിരിയുകയില്ല......
കുരുന്നിലകൾ നാമ്പെടുക്കവേ, പഴുത്തിലകൾ
കൊഴിഞ്ഞു വീണു.

തിരകൾ തീരത്തോടുമൊഴിഞ്ഞു
നിന്നെ തൊടുമ്പോഴാണ് ഞാൻ തരളിതയാവുന്നത്.
ഞാനൊരിക്കലും നിന്നെ പിരിയുകയില്ല
കടൽ ഉൾവലിഞ്ഞ വേളയിൽ , തിര തീരത്തു നിന്നകന്നു.

മേഘം ആകാശത്തോടു മൊഴിഞ്ഞു
നിന്റെ തുടിപ്പാണ് ഞാൻ... നിന്നിലാണെന്റെ
ഉയിര്.
ഞാനൊരിക്കലും നിന്നെ പിരിയുകയില്ല....
മേഘം കാർമേഘമായി.... മഴയായ്
പെയ്തൊഴിഞ്ഞു.

ചന്ദ്രൻ രാവിനോട്ട മൊഴിഞ്ഞു....
നിന്നിലൂടെയാണ് ഞാൻ പരന്നൊഴുകുന്നത്....
ഞാൻ ഒരിക്കലും നിന്നെ പിരിയുകയില്ല....
കിഴക്കു വെള്ളകീറി , പുലരി പ്രഭയിൽ നിലാവലിഞ്ഞുപോയ്.

നന്മയാൽ നിറഞ്ഞ നാട്ടിൻപുറം മാനവനോട്ട
മൊഴിഞ്ഞു....
നിനക്കുള്ളതാണ് ഞാൻ നിനക്കുകൂടിയുള്ളതാണ്.
ഞാൻ ഒരിക്കലും നിന്നെ പിരിയുകയില്ലാ....
'വികസനം' എന്ന വാക്കിലുടക്കി
നഷ്ടമായിത്തീർന്നു -
ആ ഗ്രാമഭംഗി.

പൈതങ്ങൾ മാതാവിനോടായ് മൊഴിഞ്ഞു.....
അമ്മയാണെൻ സർവ്വവും , എന്നെന്നും അമ്മ കൂടെവേണം.
ഞാൻ നിന്നെ ഒരിക്കലും പിരിയുകയില്ലാ....
തലമുറതൻ അന്തരം വന്നുകൂടി , വൃദ്ധസദനങ്ങൾ മുളച്ച്പൊങ്ങീ.

- സൂസി ഐ
അദ്ധ്യാപിക
ഫാറ്റിമ ഗേൾസ് ഹൈ സ്കൂൾ

# മമ കേരളം

അണിവൈരക്കമ്മലണിഞ്ഞീ
പുലരിപ്പാടക്കതിരുകളുതിരും
പൊൻകിരണം വാരിചൂടും
കുവലയമിഴിയാളേ.............
സഹ്യാദ്രിക്കുയിരാം തരുനിര
തഴുകും പവനകരങ്ങൾ നീട്ടി
പാടൂ നീ ഗായത്രീമന്ത്രം........
കേളീരവമൊഴുകും ഹൃദയം തേടും
പാവനകേളീസദനം..........
കേരളമേ മാമക കൈരളിയേ............



കഥകളിപാട്ടിലെ നവരസത്തിൻസലയം
നിറയുമീ ഭൂവിലും ഭാവസൗവർണമായ്
ഓളങ്ങൾ തൻ താളം നിന്നുടെ
നാടിന്നിന്നു തുടിയായി
വഞ്ചിപ്പാട്ടിൻ ഈണം തേടുന്നു
തീരങ്ങൾ തൻമേളം നിൻ
മേടിന്നിന്നു ശ്രുതിയായി
തെയ്യാട്ടത്തിൽ ചുവടായ് ചേരുന്നു
മരതകപട്ടിലെ മോഹസൗന്ദര്യമായ്
സാഗരസീമയിൽ നീ വിളങ്ങീടുന്നു

മാവേലിവാഴുന്നേരം
നാടിന്നന്നു സുരലോകത്തിൽ
ആമോദതാളം വാഴുന്നു
മണ്ണിനന്നും സുഗന്ധമായ്
മനസ്സിൽ നിറയും മമതമായ്
ദൈവത്തിൻ സ്വന്തം നാടായി.........

മേരി. കെ. എസ്
അദ്ധ്യാപിക
ഫാറ്റിമ ഗേൾസ് ഹൈ സ്കൂൾ





# പാചകക്കുറിപ്പുകൾ






# ചിക്കു ഹൽവ

ആവശ്യമായ സാധനങ്ങൾ

ചിക്കു(സപ്പോട്ട) - 6 എണ്ണം
തേങ്ങ ചിരകിയത് - 1/2 കപ്പ്
കസ്കസ് - 2 ടേബിൾ സ്പൂൺ
പഞ്ചസാര - 4 ടേബിൾ സ്പൂൺ
നെയ്യ് - 1 ടേബിൾ സ്പൂൺ
കശുവണ്ടി, ബദാം(നുറുക്കിയത്) - 2 ടേബിൾ സ്പൂൺ

തയ്യാറാക്കുന്ന വിധം:



സപ്പോട്ട, തൊലിയും കുരുവും കളഞ്ഞ് അരച്ച് പൾപ്പാക്കുക.നെയ്യ് ചൂടാക്കി ഈ പൾപ്പ് അതിലിട്ട് നാല് മിനിറ്റ് ഇളക്കി കൊടുക്കുക. ഇനി പഞ്ചസാരയും ചിരകിയ തേങ്ങയും കസ്കസ് ചേർത്ത് അഞ്ച് മിനിറ്റ് കൂടി ഇളക്കണം. നന്നായി കുറുകി കഴിയുമ്പോൾ നെയ്യിൽ വറുത്ത കശുവണ്ടിയും ബദാമും ചേർത്ത് അടുപ്പിൽ നിന്ന് ഇറക്കാം. ചിക്കു ഹൽവ തയ്യാർ.

-സുരയ്യ കെ.ആർ
IX. E

# പുതീന ചമ്മന്തി

## ചേരുവകൾ

പുതീന - 1 തണ്ട്

ഇഞ്ചി - 1 കഷ്ണം

പച്ചമുളക് - 2 വലുത്

ഉള്ളി - 5 എണ്ണം

തേങ്ങ - ഒരുമുറി

നാരങ്ങനീര് - ആവശ്യത്തിന്

ഉപ്പ് - ആവശ്യത്തിന്



പുതീന ചമ്മന്തി

## തയ്യാറാക്കുന്ന വിധം

മിക്സിയുടെ ജാറിലേക്ക് എല്ലാചേരുവകളും ചേർത്ത് ഒരു വിധം അരയ്ക്കുക. ജാറിൽ നിന്ന് ബൗളിലേക്ക് മാറ്റിയതിനു ശേഷം അല്പം വെളിച്ചെണ്ണയിൽ കടുക് പൊട്ടിച്ച്

യോജിപ്പിക്കണം. പുതീന ചമ്മന്തി റെഡി.

-സ്റ്റെനിയ ജോസഫ്
IX. E

# ഈന്തപ്പഴം ജ്യൂസ്

## ചേരുവകൾ

| | | |
|---|---|---|
| ഈന്തപ്പഴം | - | 6 എണ്ണം |
| ഏലക്ക | - | 3 എണ്ണം |
| പാൽ | - | 1 ലിറ്റർ |
| തേൻ | - | 1 ടീസ്പൂൺ |



ഈന്തപ്പഴം ജ്യൂസ്

## തയ്യാറാക്കുന്ന വിധം

ആറ് ഈന്തപ്പഴം ചൂടുവെള്ളത്തിലിട്ട് എടുത്തശേഷം കഷണങ്ങളായി ഏലക്കയും ചേർത്ത് മിക്സിയിൽ നന്നായി അടിക്കുക. 1 ലിറ്റർ പാൽ 2 ടീസ്പൂൺ തേനും ആവശ്യത്തിന് വെള്ളവും ചേർത്ത് ഇളക്കിയെടുത്താൽ ഈന്തപ്പഴം ജ്യൂസ് തയ്യാർ.

- സ്വാലിഹ

IX. E

# നേന്ത്രപ്പഴം റോസ്റ്റ്

## ചേരുവകൾ



നേന്ത്രപഴം റോസ്റ്റ്

| | | |
|---|---|---|
| പഴുത്തനേന്ത്രപ്പഴം | - | 5 എണ്ണം |
| അവൽ | - | 200 ഗ്രാം |
| തേങ്ങ | - | ഒരു മുറി |
| പഞ്ചസാര | - | 150 ഗ്രാം |
| ഏലക്കായ | - | 5 എണ്ണം |
| മൈദ | - | 200 ഗ്രാം |

## തയ്യാറാക്കുന്ന വിധം

പഴുത്ത നേന്ത്രപ്പഴം തൊലി കളഞ്ഞ് നെറുകെ മുറിച്ച് അതിനുള്ളിൽ അവൽ,തേങ്ങ ചിരകിയത്,പഞ്ചസാര, ഏലക്കായ പൊടിച്ചത് എന്നിവ ചേർത്ത മിശ്രിതം നിറക്കുക. ഇത് മൈദ കലക്കിയതിൽ മുക്കി വെളിച്ചെണ്ണ തിളക്കുമ്പോൾ അതിലിട്ട് വറുത്തെടുക്കുക.

- സുരയ്യ കെ.ആർ
IX. E

# പപ്പായ പായസം



പപ്പായ പായസം

## ചേരുവകൾ

പഴുത്ത പപ്പായ - 750 ഗ്രാം
ശർക്കര - ഒരു. കി . ഗ്രാം
നെയ്യ് - ഒരു ടീസ്പൂൺ
തേങ്ങ - രണ്ട് എണ്ണം
ഏലക്കാപ്പൊടി - രണ്ട് ഗ്രാം
അണ്ടിപ്പരിപ്പ് - 50 ഗ്രാം
മുന്തിരി - 50 ഗ്രാം

## പാകം ചെയ്യുന്ന വിധം

പപ്പായ ചെറിയ കഷണങ്ങളാക്കി അരിഞ്ഞെടുത്ത് വെള്ളത്തിൽ
ചൂടാക്കി എടുക്കുക . ഒരു ഉരുളിയിൽ ശർക്കര പാവുകാച്ചി വേവിച്ച പപ്പായ ഉടച്ച് ഇതിലേക്ക് ചേർക്കുക. വറ്റിത്തുടങ്ങുമ്പോൾ തേങ്ങയുടെ ഒന്നാം പാലും രണ്ടാം പാലും നെയ്യും, തേനും , ചേർത്ത് ഇളക്കുക . ഏലയ്ക്കപ്പൊടിയും , അണ്ടിപ്പരിപ്പും , മുന്തിരിയും ചേർത്ത് ഉപയോഗിക്കുക.

- രേഷ്മ എം. ആർ
IX. E

# മീൻ മപ്പാസ്




## ചേരുവകൾ

| | |
|---|---|
| വലിയ മീൻ കഷണങ്ങൾ | -അര കിലോ |
| മഞ്ഞൾ പൊടി | -ആവശ്യത്തിന് |
| മുളക് പൊടി | -ആവശ്യത്തിന് |
| കുരുമൊളക് പൊടി | -ആവശ്യത്തിന് |
| പച്ചമുളക് | -2 എണ്ണം |
| വെളുത്തുള്ളി ചതച്ചത് | -2 ടേബിൾ സ്പൂൺ |
| ഇഞ്ചി ചതച്ചത് | -2 ടേബിൾ സ്പൂൺ |
| സവാള അരിഞ്ഞത് | -അര കപ്പ് |
| കുടം പുളി | -4 കഷണം |
| ഉപ്പ്, എണ്ണ | -ആവശ്യത്തിന് |
| കറിവേപ്പില | -1 തണ്ട് |
| എണ്ണ | -ആവശ്യത്തിന് |
| തക്കാളി | -1 എണ്ണം |
| തേങ്ങാപ്പാൽ | -1 കപ്പ് |

## തയ്യാറാക്കുന്ന വിധം

മീൻ കഷണങ്ങളിൽ ഉപ്പും മഞ്ഞളും ചേർത്ത് പുരട്ടി വെക്കുക.പാനിൽ എണ്ണ ഒഴിച്ച് ചൂടാക്കി മീൻ പകുതി പൊരിച്ച് മാറ്റി വെക്കുക.ആ എണ്ണയിലേക്ക് സവാള,വെളുത്തുള്ളി ഇഞ്ചി ചതച്ചത്,പച്ചമുളക്,എന്നിവ ചേർത്ത് വഴന്നു വരുമ്പോൾ അതിലേക്ക് മസാലയും തക്കാളിയുംചേർക്കുക.നിറം മാറി വരുമ്പോൾ അതിലേക്ക് മീൻ ചേർക്കുക. ശേഷം തേങ്ങപാൽ ചേർത്ത് ഇളക്കി കുടംപുളി ചേർക്കുക.തിളച്ച് വരുമ്പോൾ കറിവേപ്പില ചേർത്ത് വിളമ്പാം.

– റിസ്‌വാന സി. എ
V. F










# 2018-19 അധ്യയന വർഷത്തിലെ ഫാറ്റിമ ഗേൾസ് ഹൈ സ്ക്കൂളിലെ പ്രവർത്തനങ്ങൾ
















# ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ


















# ലിറ്റിൽ കൈറ്റ്സ് പ്രവർത്തനം

ലിറ്റിൽ കൈറ്റ്സ് പ്രവർത്തനത്തിന്റെ ഭാഗമായി Hi- Tech ഉപയോഗരീതിയെ പറ്റിയുള്ള ക്ലാസ് ലിറ്റിൽ കൈറ്റ്സ് അംഗമായ ആദിലയുടെ നേതൃത്വത്തിൽ സ്കൂളിലെ എല്ലാ Hi-Tech ലീഡർസിനെയും ക്ലാസ് ലീഡർസിനെയും X. D -യിൽ വിളിച്ചുകൂട്ടി ക്ലാസ് നടത്തി. Hi- Tech ഉപയോഗ രീതിയെക്കുറിച്ചും, Hi- Tech ക്ലാസ്സ്മുറികൾ എങ്ങനെ സംരക്ഷിക്കണമെന്നതിനെക്കുറിച്ചുമായിരുന്നു ക്ലാസ്. സാങ്കേതികവിദ്യയുടെ സഹായത്തോടെയാണ് ക്ലാസ് നടത്തിയത്. ആദിലയ്ക്ക് സഹായമായ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ ഫർസാനയും, നസീബയും കൂടെയുണ്ടായിരുന്നു.





# സ്കൂൾ പ്രവേശനോത്സവം റിപ്പോർട്ട് (2018-19)

ജൂൺ 1– പ്രവേശനോത്സവം . ആഹ്ലാദകരമായ ഒരനുഭവമായിരുന്നു . ഹെഡ്മിസ്ട്രസ് , അധ്യാപകർ , പി . റ്റി. എ പ്രസിഡന്റ് മുതിർന്ന വിദ്യാർത്ഥികളും ഒത്തുചേർന്നു നവാഗതരെ സ്വാഗതം ചെയ്തു . നവാഗതർക്കായി പ്രത്യേക അസംബ്ലി നടത്തി . ജനമൈത്രി പോലീസിന്റെ സാനിധ്യത്തിൽ ധന്യമായി . പ്രവേശനോത്സവച്ചടങ്ങിൽ മീനാക്ഷിയും സംഘവും ഈശ്വരപ്രാർത്ഥന നടത്തി . ഫാറ്റിമ സ്കൂളിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് സി .മേഴ്സി തോമസ് ഉണർത്തി . മേരി ജലീറ്റയും സംഘവും സ്കൂൾ ആൻതം ആലപിച്ചു . വിശിഷ്ഠാതിഥി രാജേന്ദ്രൻ സാർ , ഡോ . അബ്ദുൽ കലാമിന്റെ വാക്കുകൾ ഓർമ്മപെടുത്തികൊണ്ട് നന്മയുള്ള സ്വപ്നങ്ങൾ കാണണമെന്ന് ഉപദേശിച്ചു.പ്രകൃതിയോട് നാം കടപ്പെട്ടിരിക്കുന്നു എന്ന് ഓർമപ്പെടുത്തി പ്രതീകാത്മകമായി വൃക്ഷത്തെ നട്ടു . ആ ആര്യവൈപ്പിൻതൈയ്ക്ക് ഹൃദയത്തിൽ ചേർത്തു സൂക്ഷിക്കുവാൻ പേർൾ എന്ന് പേര് നല്കി . ഓട്ടൻതുളളൽ ആചാര്യൻ ശ്രീപാലമണിയുടെ ഓട്ടൻതുള്ളൽ കുട്ടികൾക്ക് പുതിയൊരു അനുഭവമായി . അധായാപിക ശ്രീമതി ബീന ജോസഫ് സന്ദേശം നൽകി . ഏതു പ്രതിസന്ധികളെയും പ്രസന്നവദനരായിരിക്കുവാൻ ഒരു സ്മൈൽ ബാഡ്ജ് നൽകി . പ്രാർത്ഥന നിർഭരമായ മനസ്സോടെ പുതിയ അധ്യായന വർഷം ആരംഭിച്ചു .





# പരിസ്ഥിതി ദിനാഘോഷം

ജൂൺ 5 ലോക പരസിഥിതി ദിനം ഫാറ്റിമ ഗേൾസ് ഹൈ സ്കൂൾ ഹെഡ്മിസ്ട്രസ്സ്. സി. മേഴ്സി തോമസിന്റെ നേതൃത്ത്വത്തിൽ സമുചിതമായി ആചരിച്ചു. പരിസ്ഥിതി സംരക്ഷണ അവബോധം നൽകുന്ന  മനോഹരമായ പരിസ്ഥിതി ദിന ഗാനങ്ങൾ കൊച്ചു ഗായകർ അവതരിപ്പിച്ചു. ചടങ്ങിൽ വിശിഷ്ടാതിഥിയായി എത്തിയ സി. ഐ. രാജ് കുമാർ സർ വൃക്ഷത്തെ നട്ടുകൊണ്ട് ദിനാചരണത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.




പ്രകൃതി നമുക്ക് നൽകുന്ന സൗഭാഗ്യങ്ങൾ ദുരുപയോഗം ചെയ്യാതെ അടുത്ത തലമുറയ്ക്ക് കൈമാറേണ്ടതാണെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു.
ഹെഡ്. സി. മേഴ്സി തോമസിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് വൃക്ഷത്തൈകൾ വിതരണം ചെയ്തു.

കുട്ടികളും അധ്യാപകരും ഹെഡ്മിസ്ട്രസ്സിനോടും വിശിഷ്ട അതിഥിയോടോപ്പം സ്കൂളിലും വഴിയോരങ്ങളിലും ഫോർട്ടു കൊച്ചി താലൂക്കാശുപത്രി പരിസരത്തും കോർപ്പറേഷൻ മൈതാനത്തും പാർക്കിലും തൈകൾ നട്ടത് നാട്ടുകാർക്കും വേറിട്ട

അനുഭവമായിരുന്നു .









പരിസ്ഥിതി സംരക്ഷണബോധം ഉൾകൊള്ളുന്ന ചിത്ര രചന മത്സരം നടത്തി .

തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി ഹൈസ്കൂളിലെ എല്ലാ ക്ലാസ്സിലും പ്ലാസ്റ്റിക്ക് ഫയൽ ഒഴിവാക്കി പേപ്പർ ഫയൽ നിർമ്മിച്ച് ഉപയോഗിക്കുക വഴി ബീറ്റ് പ്ലാസ്റ്റിക്ക് പൊല്യൂഷന്റെ ഭാഗമാകാൻ സാധിച്ചു . കൂടാതെ പേപ്പർ പെൻ പരിചയപ്പെടുത്തി .

# യോഗയും മ്യൂസിക്കും ദിനാഘോഷം

ഫാറ്റിമ ജി. എച്ച്. എസിൽ 21/7/2018 തീയതി സംഗീത ദിനവും യോഗ ദിനവും സംയുക്തമായി ആചരിക്കുകയുണ്ടായി. ബഹു.ഹെഡ്മിസ്ട്രസ്സ് സി. മേഴ്സി തോമസിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വെച്ച് മ്യൂസിക്ക് സർ ശ്രീ. അരുൺ സാറിനെ ആദരിക്കുകയുണ്ടായി. ആരോഗ്യപരമായ ജീവിതം നയിക്കാൻ "യോഗ" ദിനചര്യയാക്കി മാറ്റേണ്ടതിന്റെ ആവശ്യകത കുട്ടികളിൽ  ബോധ്യപ്പെട്ടുത്തുന്നതിന്റെ ഭാഗമായി നടത്തിയ "യോഗ വിത്ത് മ്യൂസിക്ക് ഡാൻസ്'"ഏവർക്കും ഒരു അനുഭവമായിരുന്നു .

# മെറിറ്റ് ഫെസ്റ്റ്

2017-18 അധ്യയനവർഷത്തെ എസ്. എസ്.എൽ. സി ഉന്നതവിജയികളെ അനുമോദിച്ചു കൊണ്ടുള്ള മെറിറ്റ് ഫെസ്റ്റ് , 2018 ജൂലൈ 3-ന് സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ചു നടത്തി. അനുമോദന സമ്മേളനത്തിൽ പി. റ്റി. എ. പ്രസിഡന്റ് ശ്രീ. സലീം പി. എ അധ്യക്ഷ പദം അലങ്കരിച്ചു. അധ്യാപക പ്രതിനിധി ശ്രീമതി. ടീസ ജോൺ സ്വാഗതംആശംസിച്ചു. സെന്റ് . സെബാസ്റ്റിൻ എച്ച്.എസ്.എസ്. പ്രിൻസിപ്പൾ ശ്രീമതി. സ്മിത അലോഷ്യസ് വിശിഷ്ട അതിഥിയായി എത്തി. സ്കൂൾ മനേജർ റവ. സി. സോഫിതോമസ്, ക്ലബ്ബ് ഉദ്ഘാടനം നിർവഹിച്ചു. അനുമോദന സമ്മേളനത്തിൽ വച്ച് ഫുൾ A+ നേടിയ 18 വിദ്യാർത്ഥികൾക്ക് മൊമന്റോയും ക്യാഷ് അവാർഡും നൽകി, അനുമോദനങ്ങൾ അർപ്പിച്ചു. റവ. സി. മേഴ്സി തോമസ് ചടങ്ങിൽ സന്നിദ്ധയായിരുന്നു. ഉന്നതവിജയങ്ങൾ നേടിയ കുട്ടികളുടെ രക്ഷിതാക്കളും പ്രസ്തുത യോഗത്തിന് സാക്ഷികളായി.











# സയൻസ് ക്ലബ്ബ്

2018-19 അക്കാദമിക്ക് മാസ്റ്റർ പ്ലാൻ പ്രകാരം ശാസ്ത്രവിഭാഗം ഉൾപ്പെടുത്തിയ പദ്ധതികളിൽ ശാസ്ത്രജ്ഞരെ പരിചയപ്പെടൽ എന്ന പരമ്പര ജൂൺ 21 –ന് ആരംഭിച്ചു. അന്നേ ദിവസം സ്കൂൾ അസംബ്ലിവേദിയിൽ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ദർശിച്ച ഏറ്റവും വലിയ ശാസ്ത്രപ്രതി സ്റ്റീഫൻ ഹോക്കിങ്ങിനെ പരിചയപ്പെടുത്തുകയുണ്ടായി. ഒരു വ്യക്തിയുടെ പ്രതിഭ തെളിയിക്കുന്നതിൽ അദ്ദേഹത്തിന്റെ ശാരീരിക കുറവുകൾ ഒരിക്കലും തടസ്സമാകില്ല എന്ന് സ്വജീവിതത്തിലൂടെ തെളിയിച്ചു . അദ്ദേഹത്തിന്റെ ജീവിതം, ശാസ്ത്രലോകത്തേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന കുട്ടികൾക്ക് ഒരു പ്രചോദനമായിരുന്നു.

# ഹിന്ദി ക്ലബ്ബ്

## പ്രേംചന്ദ് ജയന്തി

ഹിന്ദി നോവൽ ചക്രവർത്തി "മുൻഷി പ്രേംചന്ദ് ജയന്തി" ഹിന്ദി ക്ലബ്ബിന്റെ നേതൃത്ത്വത്തിൽ കൊണ്ടാടി . ഹിന്ദി അസംബ്ലിയിൽ പ്രേംചന്ദ് ജയന്തിയോടനുബന്ധിച്ച് കുമാരി. ശ്രീലക്ഷ്മി പ്രഭാഷണം നടത്തി. സ്കൂൾ ഗായക സംഘവും യു.പി. വിഭാഗം കുട്ടികളും ചേർന്ന് 'ഐസ താ ഇക് താരാ 'എന്ന ഗാനം ആലപിച്ചു. ഐ. സി. റ്റി മുഖേന പ്രേം ചന്ദ്രിന്റെ വീഡിയോ പ്രദർശിപ്പിച്ചു. എല്ലാ ക്ലാസ്സുകളിലും പ്രേംചന്ദ് പോസ്റ്റർ, പ്രേം ചന്ദ് സന്ദേശങ്ങൾ പ്രചരിപ്പിച്ചു. സ്കൂളിലെ ചിത്ര കലാ അധ്യാപകൻ ശ്രീ . ആന്റണി വരച്ച പ്രേംചന്ദ് ഛായാ ചിത്രം സ്കൂൾ കവാടത്തിൽ പ്രദർശിപ്പിച്ചു.

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

2018-നവംബർ 7-ന് ഹെഡ്മിസ്ട്രസ്സ് സി. മേഴ്സി തോമസ് പദ്ധതി ഉദ്ഘാടനം ചെയ്തു.



സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികളും ഭാഷാപ്രാവീണ്യം നേടുക, അടിസ്ഥാന ഗണിതബോധനം കുട്ടികളിൽ വളർത്തുക എന്നിവയാണ് ഈ പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നത്. നവംബർ മാസ പ്രവർത്തനം അതിനായി പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂൾ നൽകി കൊണ്ട് പദ്ധതി ഉദ്ഘാടനം ചെയ്തു.എല്ലാ ദിവസവും സ്കൂളിലെ കുട്ടികൾക്ക് രാവിലെ അരമണിക്കൂർ അതാത് ക്ലാസ് അധ്യാപകരുടെയും കുട്ടികളിൽ നിന്ന് തിരഞ്ഞെടുത്ത വിദ്യാർത്ഥി പ്രതിനിധികളുടെയും നേതൃത്ത്വത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

# സ്വാതന്ത്ര്യദിനാഘോഷം

ആഗസ്റ്റ് 15 -ന് അതിശക്തമായ കാറ്റിലും മഴയിലും ഫാറ്റിമ സ്കൂൾ വളരെ ഗംഭീരമായി 72-ാമത് സ്വാതന്ത്ര്യദിനം ആഘോഷിച്ചു. കൃത്യം 9 മണിക്ക് തന്നെ പ്രൊഫസർ. പി. എ. ജറാൾഡ് സർ പതാക ഉയർത്തി . തുടർന്ന് ശ്രീമതി. ലിൻസി മിസ്സ് വിശിഷ്ട വ്യക്തികൾക്ക് സ്വാഗതം അർപ്പിച്ചു . ദേശഭക്തിഗാന മത്സരവും സാംസ്കാരിക കലാപരിപാടികളും ഇതിനോടനുബന്ധിച്ച് നടത്തുകയും സമ്മാനാർഹരായ വിദ്യർത്ഥികൾക്ക് സ്ക്വാഡ് വൈസ് സമ്മാനം നൽകുകയും ചെയ്തു .

# കേരളപ്പിറവിയും കേരള പോലീസ് ഫോർമേഷൻ ഡേയും

2018 നവംബർ 1 ന് സ്കൂളിൽ കേരളപ്പിറവിദിനവും കേരളപോലീസ് ഫോർമേഷൻ ഡേയും ആചരിച്ചു. സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ആഘോഷ പരിപാടികൾക്ക് സ്കൂൾ ഹെഡ്മിസ്ട്രസ്സ് സി. മേഴ്സി തോമസ് അധ്യക്ഷയായി. ഫോർട്ട് കൊച്ചി സി. ഐ രാജ്കുമാർ സർ വിഷിഷ്ടാതിഥിയായിരുന്നു. എ. എസ്. ഐ രമേഷ് സാറും നിരവധി പോലീസ് ഉദ്യോഗസ്ഥരും പങ്കെടുത്തു. കേരളത്തിന്റെ തനതു കാർഷികവിളയായ നെല്ലിനാൽ രൂപപ്പെടുത്തിയ കേരള ഭൂപടം എല്ലാ ക്ലാസ്സുകളിൽ നൽകുകയും ചെയ്തു . കേരള പോലീസ് ദിനത്തിൽ സി. മേഴ്സി എല്ലാ പോലീസുദ്യോഗസ്ഥർക്കും കൈനീട്ടമായി കേക്ക് മുറിക്കുകയും ചെയ്തു.





# രക്ഷാപ്രവർത്തകരായ രക്ഷിതാക്കളെ ആദരിക്കൽ

2018 സെപ്തംബർ 5 ന് അധ്യാപകദിനത്തോടനുബന്ധിച്ച് ഫാറ്റിമ സ്കൂൾ ഓഡിറ്റോറിയത്തിൽ രക്ഷാപ്രവർത്തകരായ രക്ഷിതാക്കളെ ആദരിക്കൽ ചടങ്ങ് നടത്തി. 2018 ആഗസ്റ്റ് മാസം കേരളത്തെയൊന്നാകെ മുക്കി കളഞ്ഞുകൊണ്ട് പെയ്ത മഴക്കെടുതിയിലും വെള്ളപൊക്കത്തിലും അകപെട്ടുപോയ നിസ്സഹായരായ മനുഷ്യരെ എല്ലാം മറന്ന് വള്ളവും ബോട്ടും മറ്റ് വാഹനങ്ങളുമായി ഓടിയെത്തി രക്ഷിച്ച പിതാക്കന്മാരെയാണ് അധ്യാപകദിനത്തിൽ ആദരിച്ചത്.

സ്കൂൾ മാനേജർ റവ. സി. സോഫി തോമസ് അധ്യക്ഷ പ്രസംഗം നടത്തി. ഫോർട്ടു കൊച്ചി സി. ഐ രാജ്കുമാർ സർ, സ്റ്റാഫ് ഡെപ്യൂട്ടി, ശ്രീമതി. മേരി കെ. എസ്, രക്ഷാപ്രവർത്തനത്തിലേർപ്പെട്ട ശ്രീ. ടി. പി തോമസ് എന്നിവർ പ്രസംഗിച്ചു. എസ്. ഐ പീറ്റർ പ്രകാശ്, എച്ച്. എം സി.മേഴ്സി തോമസ്, പി. ടി. എ വൈസ് പ്രസിഡന്റ് ശ്രീ.സജി എന്നിവർ സന്നിഹിതരായിരുന്നു. "കരുതലിൽ സൈന്യത്തിന് ആദരപൂർവ്വം" എന്ന സന്ദേശം എഴുതിയ ക്ലോക്ക് ഉപഹാരമായി നൽകിക്കൊണ്ടാണ് രക്ഷിതാക്കളെ ആദരിച്ചത്.

# വായനാദിനം

ഫാറ്റിമ സ്കൂളിൽ വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ ജൂൺ 19 ന് വായനാദിനാചരണത്തിന് തുടക്കമായി. അക്ഷരങ്ങളെ ഏറ്റവും കൂടുതൽ സ്നേഹിച്ച മലയാളിയെ അക്ഷരങ്ങളുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തിയ ശ്രീ.പി.എൻ പണിക്കരുടെ ചരമദിനമായ വായനാദിനത്തിൽ സ്കൂൾ ഡെപ്യൂട്ടി ഹെമിസ്ട്രസ്സ് ശ്രീമതി. ആൻസി ജോസഫ് ടീച്ചർ ദീപം തെളിച്ചു. ശ്രീ. പി. എൻ പണിക്കരോടുള്ള ആദരവ് പ്രകടിപ്പിച്ചു കൊണ്ട് ശ്രീമതി. റോസി ടീച്ചർ, മിനി ജോസഫ് ടീച്ചർ വിദ്യാരംഗം ക്ലബ്ബിൻെറ വിദ്യാർത്ഥി പ്രതിനിധികളായ നെസ്റിൻ, നിവേദിത എന്നിവർ അദ്ദേഹത്തിന്റെ ഫോട്ടായിൽ പുഷ്പാർച്ചന നടത്തി. വിദ്യാരംഗം കലാസാഹിത്യ വേദിയുടെ പ്രധാന പ്രവർത്തനമായ ക്ലാസ്സ് ലൈബ്രറിയുടെ ശക്തീകരണത്തിന്റെ ഭാഗമായി സ്കൂൾ മാനേജ് മെന്റിന്റെ ഭാഗത്തുനിന്നും സ്പോൺസർ ചെയ്ത ഒരു പുസ്തകം വീതം എല്ലാ ക്ലാസ് ലൈബ്രറിയന്മാർക്കും ഹെഡ്മിസ്ട്രസ്സ് നൽകി . ക്ലാസിലെ കുട്ടികളും അധ്യാപകരും ഒരു ബുക്ക് സ്പോൺസർ ചെയ്യുന്നതിനു വേണ്ടി നടത്തിയ പുസ്തക പ്രദർശനവും വില്പനയും വിജയമായി .





# നന്ദിയോടെ....



# ലിറ്റിൽ കൈറ്റ്സ് പ്രതിനിധികൾ